16
ജനുവരി
2026

02
മകരം
1201



വനിക
സംസ്ഥാന സ്കൂൾ കലോത്സവ പത്രിക

# മത്സരാർത്ഥി മന്ത്രിയായപ്പോൾ

ശാന്തി പി കെ

**സം**സ്ഥാന സ്ക്കൂൾ കലോത്സവം സാംസ്കാരിക നഗരിയായ തൃശൂരിൽ വെച്ച് നടക്കുമ്പോൾ ആദ്യം ഓർമ്മയിൽ വരുന്ന മുഖങ്ങളിൽ ഒന്നാണ് നമ്മുടെ പ്രിയപ്പെട്ട ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ ആർ ബിന്ദുവിന്റേത്. ഓർക്കാതിരിക്കുന്നതെങ്ങനെ! ബിന്ദു എന്ന മിടുമിടുക്കിയായ ആ മത്സരാർത്ഥിയേയും, കാലമേറെ കടന്നുപോയിട്ടും, കരുത്തും കാവലുമായി ഒരു രാഷ്ട്രീയപ്രസ്ഥാനത്തോട് ചേർന്നു നിന്നിട്ടും കലയും കവിതയും കഥകളിയും ഹൃദയത്തിൽ സൂക്ഷിക്കുന്ന, ഉന്നതവിദ്യാഭ്യാസ മന്ത്രിയെയും. കലോത്സവമെന്നു കേൾക്കുമ്പോൾ എല്ലാം മറന്ന് മനസ്സ് തുടികൊട്ടാൻ തുടങ്ങും, ടീച്ചർക്ക്. ഗൃഹാതുരത്വം നിറഞ്ഞ ഓർമകൾ ചെന്നു നിൽക്കുന്നത് ഇരിങ്ങാലക്കുട ഗവൺമെന്റ് ഗേൾസ് സ്ക്കൂളിന്റെ നാലുകെട്ടിലും രാജമല്ലിച്ചോട്ടിലും കടമ്പുമരത്തിൻ തണലിനും ആണ്.


തൃശൂരിൽ കലകളുടെ പൂരം അരങ്ങുണർത്തുമ്പോൾ തന്റെ ബാല്യകൗമാരങ്ങളെ താലോലിക്കുന്ന നൂപുരധ്വനികൾ നൃത്തം ചെയ്ത മനസുമായിട്ടാണ് ടീച്ചർ കടന്നുവരുന്നത്. മിഴാവിന്റെ താളലയലാസ്യങ്ങളെ ഉണർത്തി, ഇരിങ്ങാലക്കുട ഗവൺമെന്റ് ഗേൾസ് സ്കൂളിന്റെ അഭിമാനമായ, സ്കൂൾ ലീഡറായിരുന്ന ആ കൗമാരക്കാരി ഇന്നിതാ കേരളത്തിന്റെ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ മന്ത്രി എന്ന നിലയിൽ 64-ാം കലോത്സവത്തിന്റെ സംഘാടകയും രക്ഷാധികാരിയും ആയി മാറിയിരിക്കുന്നു. ഈ സാന്നിധ്യം കലോത്സവ സദസ്സിനെ ധന്യമാക്കുന്നു. നൃത്തവും കഥകളിയും മാത്രമായിരുന്നില്ല സാഹിത്യരംഗത്തും തന്റെ വ്യക്തിഗത പ്രതിഭ അടയാളപ്പെടുത്തിയ കുട്ടിയായിരുന്നു. സർഗാത്മക കഴിവുകളാൽ സൗരഭ്യം പരത്തിയ വസന്തകാലത്തിലെ ആ പൂവനങ്ങളിൽ ചിത്രശലഭങ്ങളെ പോലെ പാറിപറക്കുന്ന മധുരിക്കുന്ന ഓർമകളുമായിട്ടാണ് ടീച്ചർ ഈ കലോത്സവത്തിനെത്തുന്നത്. ആഓർമ വസന്തങ്ങളെയെല്ലാം ഒപ്പിയെടുക്കാൻ വൈവിധ്യമാർന്ന പൂക്കൾ നിറഞ്ഞ ഈ പൂന്തോട്ടത്തിൽ സജീവമായി ഇടപ്പെടുന്നു.

വൈവിധ്യങ്ങളുടെ ഈ മനോഹരപ്പൂന്തോപ്പിൽ എത്തിച്ചേരുന്ന ഒരു കുട്ടിയെ പോലെ ടീച്ചറും മാറുന്നു. ബഹുസ്വരതയുടെ സർഗ്ഗോത്സവമാണ് ഈ കലാമേള. ഇത് കേരളത്തിനു മാത്രം സ്വന്തം എന്ന് ഉറക്കെ പറയാൻ ടീച്ചറിന് കഴിയും. കലോത്സവങ്ങൾ മത്സരങ്ങളുടേത് മാത്രമല്ലെന്നും മതാതീയമായ, ഉച്ചനീചത്വങ്ങൾക്കതീതമായ സൗഹൃദങ്ങളുടെയും, വിശാല മാനവികബോധത്തിന്റെയും ഇടം കൂടിയാണ്. തന്റെ കുട്ടിക്കാലത്തെ വിദ്യാലയ മുത്തശ്ശിയായ ഇരിങ്ങാലക്കുട ഗവൺമെന്റ് ഗേൾസ് സ്ക്കൂളിന്റെ നടുമുറ്റത്ത് സ്കൂൾ ലീഡറെന്ന നിലയ്ക്കും, കലാകാരി എന്ന നിലയ്ക്കും തിളങ്ങി നിന്ന കാലത്തെക്കുറിച്ച് ടീച്ചർ അത്യധികം അഭിമാനത്തോടെയാണ് പറയുന്നത്. തുടർച്ചയായ രണ്ട് വർഷങ്ങളിലും തൃശൂർ ജില്ലയുടെ ഓവറോൾ കലാകിരീടം ഇരിങ്ങാലക്കുട ഗവൺമെന്റ് ഗേൾസ് സ്കൂളിന് നേടിയെടുക്കാൻ കഴിഞ്ഞതിൽ ആ കൊച്ചു മിടുക്കിയുടെ പങ്ക് വളരെ വളരെ വലുതാണ്. മറ്റ് സ്ക്കൂളുകളോട് ശക്തമായ മത്സരം കാഴ്ചവെച്ച് സർക്കാർ പെൺപള്ളിക്കൂടത്തിലേക്ക് ഓവറോൾ കിരീടം എത്തിച്ച ആ സുദിനങ്ങളെ കുറിച്ച് പറയുമ്പോൾ അഭിമാനപൂരിതമാകുന്നു ടീച്ചറുടെ വാക്കുകൾ. വ്യക്തിഗതമത്സരങ്ങളിൽ മാത്രമല്ല ഗ്രൂപ്പ് ഡാൻസ്, തിരുവതിരക്കളി എന്നിവയിലും മികച്ച പ്രകടനം കാഴ്ചവെച്ചു. അധ്യാപക ദമ്പതികളുടെ മകളെന്ന നിലയിൽ സാമ്പത്തിക ക്ലേശങ്ങളൊന്നും അലട്ടാതെയാണ് ആ കലാകാരി വളർന്നതും മത്സരങ്ങളിൽ വിജയം കൊയ്തതും. എങ്കിലും ഒപ്പമുണ്ടായിരുന്ന പലകുട്ടികളുടെയും സാമ്പത്തിക പ്രയാസങ്ങൾ മനസ്സിലാക്കാനും അവരെകൂടി ചേർത്ത് പിടിച്ച്, ഒപ്പം വേദികളിലേക്ക് കൊണ്ടു പോകാനും ടീച്ചർക്ക് കഴിഞ്ഞു. സർക്കാർ വിദ്യാലയത്തിലെ ദാരിദ്ര്യത്തിന്റെ മുഖങ്ങൾ, ദയനീയമായ ജീവിതപരിസരങ്ങൾ, സ്വന്തം കഴിവുകളെ പുറത്തെടുക്കാൻ ആത്മവിശ്വാസം ഇല്ലാതെ പിറകോട്ടു നിന്നിരുന്നവർ.............ഇതെല്ലാം തൊട്ടറിഞ്ഞ്, വളർന്നുവന്ന ആ പെൺകുട്ടിക്ക് ഹൃദയപക്ഷത്തു നിൽക്കാൻ മാത്രമേ കഴിയു. കലോത്സവ അനുഭവങ്ങളും കലാകാരി എന്ന നിലയിൽ ആർജ്ജിച്ച ജീവിതവീക്ഷണവും പിന്നീടുള്ള തന്റെ രാഷ്ട്രീയ ജീവിതത്തിൽ നേരിന്റെ നിലപാട് എടുക്കാൻ ടീച്ചറെ സഹായിച്ചു. മറ്റുള്ളവരുടെ സങ്കടങ്ങളിൽ കൂടെ ചേരാനും സന്തോഷങ്ങളിൽ പങ്കു കൊള്ളാനും കഴിയുക എന്ന ലളിതമായ പാഠം തന്റെ രാഷ്ട്രീയത്തിന്റെ ബാലപാഠം തന്നെയാണ്. കലയുമായുള്ള ബന്ധം കൊണ്ട് മറ്റുള്ള മനുഷ്യരെ ഉൾക്കൊണ്ടു പോകാനുള്ള ഒരു മനസ്സ് നമുക്കു നേടാൻ കഴിയും. മറ്റുള്ളവരുടെ വികാരങ്ങളോട് ഉള്ള സംവേദന ക്ഷമത - ടീച്ചറുടെ തന്നെ വാക്കുകളിൽ പറഞ്ഞാൽ കരയുമ്പോൾ കൂടെ കരയാനും ചിരിക്കുമ്പോൾ കൂടെ ചിരിക്കാനും ഉള്ള ഒരു സഹ





ഉന്നത വിദ്യഭ്യാസ വകുപ്പു മന്ത്രി ബഹു. ശ്രീമതി ആർ.ബിന്ദു വിദ്യാർത്ഥിയായിരിക്കെയും മന്ത്രിയായതിനുശേഷവും വേദിയിലെത്തിയപ്പോൾ



**മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ**
കേരള സംഗീത നാടക അക്കാദമി ചെയർമാൻ

## കലയുടെ ഉത്സവഭൂമിയിൽ നിന്ന് നാളെയിലേക്കുള്ള പ്രതീക്ഷകൾ

അറിവിന്റെ പ്രകാശത്തിനൊപ്പം കലയുടെ സൗന്ദര്യവും ഹൃദയത്തിന്റെ താളവും കൈകോർക്കുമ്പോഴാണ് വിദ്യാഭ്യാസം സമ്പൂർണ്ണമാകുന്നത്. ആ സമ്പൂർണ്ണതയുടെ ഉജ്ജ്വലമായ ഉദാഹരണമാണ് സ്കൂൾ കലോത്സവം. ബാല്യത്തിന്റെ സ്വാഭാവികമായ സർഗാത്മകതയും യുവതയുടെ ആവേശവും ഒരേ വേദിയിൽ സംഗമിക്കുന്ന ഈ കലാമഹോത്സവം, കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ ജീവനുള്ള ആഘോഷമാണ്.

നാടകം, സംഗീതം, നൃത്തം, സാഹിത്യം, ദൃശ്യകലകൾ തുടങ്ങി അനവധി കലാരൂപങ്ങൾ നമ്മുടെ ചരിത്രത്തിന്റെ ശബ്ദങ്ങളും അനുഭവങ്ങളുടെ നിറങ്ങളും പുതുതലമുറയിലേക്ക് പകർന്നു നൽകുന്ന സാംസ്കാരിക പാലങ്ങളാണ്. ഈ കലാരൂപങ്ങളിലൂടെ കുട്ടികൾ സ്വന്തം വികാരങ്ങളും ചിന്തകളും സ്വപ്നങ്ങളും കലയുടെ ഭാഷയിൽ ആവിഷ്കരിക്കുമ്പോൾ, അവരിൽ ആത്മവിശ്വാസവും സൗന്ദര്യബോധവും സാമൂഹിക ഉത്തരവാദിത്വവും വളർന്നു വരുന്നു. വേദിയിൽ ഉയരുന്ന ഓരോ ചുവടുവെയ്പ്പും ഓരോ സംഗീതസ്വരവും ഓരോ അഭിനയ മുഹൂർത്തവും അവരുടെ വ്യക്തിത്വവികസനത്തിന്റെ നാഴികക്കല്ലുകളാണ്.

മത്സരത്തിന്റെ ആവേശം നിലനിൽക്കുമ്പോഴും, സഹവർത്തിത്വവും സഹിഷ്ണുതയും സംഘചൈതന്യവും പരസ്പര ബഹുമാനവും പഠിപ്പിക്കുന്ന വലിയ പാഠശാലകളാണ് സ്കൂൾ കലോത്സവങ്ങൾ. വിജയം നേടുന്നവർക്കൊപ്പം പങ്കെടുത്ത എല്ലാവരും കലയുടെ അനുഭവസമ്പത്ത് കൈവരിക്കുന്നതിനാൽ, ഓരോ വിദ്യാർത്ഥിയും ഈ വേദിയിൽ വിജയികളായി മാറുന്നു. അധ്യാപകരുടെയും പരിശീലകരുടെയും രക്ഷിതാക്കളുടെയും ആത്മാർത്ഥമായ പിന്തുണയാണ് ഈ സർഗാത്മക യാത്രയ്ക്ക് ശക്തിയാകുന്നത്.

സ്കൂൾ കലോത്സവ വേദികളിൽ ആദ്യമായി കലയുടെ രുചി അനുഭവിച്ച അനേകം പ്രതിഭകൾ പിന്നീട് കേരളത്തിന്റെ കലാസാംസ്കാരിക ലോകത്ത് തിളക്കമുള്ള സാന്നിധ്യങ്ങളായി മാറിയിട്ടുണ്ട്. ആ മഹത്തായ പാരമ്പര്യത്തിന്റെ തുടർച്ചയായി, ഇന്നത്തെ കുട്ടികൾ നാളെയുടെ കലാസൂര്യന്മാരായി ഉയർന്നു വരുമെന്ന പ്രതീക്ഷയാണ് ഈ കലോത്സവം നമ്മിൽ വളർത്തുന്നത്.

ഈ കലാമഹോത്സവം വിജയകരമായി സംഘടിപ്പിക്കുന്നതിനായി അക്ഷീണം പ്രവർത്തിച്ച അധ്യാപകരെയും വിധികർത്താക്കളെയും സംഘാടക സമിതിയെയും സന്നദ്ധ പ്രവർത്തകരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അവരുടെ സമർപ്പണവും പരിശ്രമവും കൊണ്ടാണ് ഈ കലോത്സവം ഒരു ഉത്സവമായി, ഒരു അനുഭവമായി, ഒരു ഓർമ്മയായി മാറുന്നത്.

കലയുടെ പ്രകാശം മനസ്സുകളിൽ തെളിയിച്ചുകൊണ്ട്, സർഗാത്മകതയും മാനവിക മൂല്യങ്ങളും സാംസ്കാരികബോധവും നിറഞ്ഞ ഒരു തലമുറയെ ഈ കലോത്സവം വളർത്തിയെടുക്കട്ടെ. ഈ ഉത്സവം പങ്കെടുത്ത ഓരോ കുട്ടിയുടെയും ജീവിതത്തിൽ മറക്കാനാവാത്ത ഓർമ്മയായി മാറട്ടെയെന്നും, കേരളത്തിന്റെ കലാസാംസ്കാരിക സമ്പത്തിനെ കൂടുതൽ സമൃദ്ധമാക്കുന്ന പ്രതിഭകളെ ഇതിലൂടെ കണ്ടെത്താൻ കഴിയട്ടെയെന്നും ആശംസിക്കുന്നു.

**എഡിറ്റോറിയൽ**

## സമൂഹത്തെ ഒന്നിപ്പിക്കുന്നതാകണം കല

64ാമത് സംസ്ഥാന സ്കൂൾ കലോത്സവം ഉദ്ഘാടനം ചെയ്തു കൊണ്ട് കേരള മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ പ്രസംഗം കലോത്സവത്തെ ആഴത്തിൽ സ്പർശിക്കുന്നതും സംസ്കാരത്തെ ഉയർത്തിപ്പിടിക്കുന്നതിൽ കലയുടെ പങ്ക് എടുത്തുകാട്ടുന്നതുമായി. 1956 ൽ കേവലം 200 മത്സരാർത്ഥികളുമായി എറണാകുളം എസ് ആർ.വി. സ്കൂളിൽ നടന്ന ആദ്യ കലോത്സവത്തിൽ നിന്ന് 64ാം കലോത്സവത്തിൽ 249 ഇനങ്ങളിലായി പതിനാലായിരത്തിലധികം കുട്ടികൾ പങ്കെടുക്കുന്ന കലോത്സവമായി സ്കൂൾ കലോത്സവം മാറിയിരിക്കുന്നു. പൊള്ളുന്ന അനുഭവങ്ങളെ പ്രതിഫലിപ്പിക്കാൻ കലയ്ക്കു കഴിയണമെന്നും പ്രതിരോധം തീർക്കാനാവണമെന്നും അപ്പോൾ മാത്രമേ കല സമൂഹത്തിനു പ്രയോജനപ്പെടുകയുള്ളുവെന്നുമുള്ള അദ്ദേഹം നിരീക്ഷിച്ചു. കഥകളി ഗായകൻ ഹൈദരലി അനുഭവിച്ച ജാതിവിവേചനം ഉദാഹരണമായി എടുത്തു കാട്ടിയ മുഖ്യമന്ത്രി ഹൈദരലി ദൈവത്തിന്റെ പാട്ടുകളാണ് പാടിയതെന്നും ഭക്തനായിരുന്നുവെന്നും ചൂണ്ടിക്കാട്ടി. ജാതിയോ മതമോ നോക്കാതെ കലകൾ അവതരിപ്പിക്കാനാകേണ്ടതുണ്ട് .പങ്കെടുക്കുക എന്നതാണ് കലോത്സവങ്ങളിൽ പ്രധാനം. സമ്മാനം കിട്ടുകയോ കിട്ടാതിരിക്കുകയോ ചെയ്യട്ടെ. ഒന്നും കിട്ടാതിരുന്നവരും പിൽക്കാലത്ത് കലാപ്രതിഭകളായി മാറിയ ചരിത്രം നമുക്കുണ്ട്. ആസ്വാദനം തികച്ചും വ്യക്തിപരമാണ് എന്ന് തിരിച്ചറിയണം, ഒരാൾക്ക് സ്വീകാര്യമായത് മറ്റൊരാൾക്ക് ഇഷ്ടപ്പെടണമെന്നില്ല. എല്ലാവരേയും ഉൾക്കൊള്ളാൻ കഴിയുന്നതാകണം കല. സമൂഹത്തിലെ ജാതി, മത, വർഗ്ഗ, വർണ്ണ വിത്യാസമില്ലാതെ ഏവരേയും ഒന്നിപ്പിക്കാനും ഭിന്നിപ്പിക്കുന്നവരെ ഒറ്റപ്പെടുത്താനും കലക്കാവണം.


### പത്രാധിപസമിതി

**ചീഫ് എഡിറ്റർ:**
എം.എ അരുൺ കുമാർ
**ചീഫ് കോർഡിനേറ്റർ :**
രമേഷ് എൻ കെ
**എഡിറ്റർ:**
സി.എ നസീർ
**സബ് എഡിറ്റർമാർ :**
ഡോ. ബിലു സി നാരായണൻ
രാകേഷ് എൻ ആർ, റീബ പോൾ
**പത്രാധിപ സമിതി അംഗങ്ങൾ**
ടി.വി. മദനമോഹനൻ, ഇ.ഡി. ഡേവീസ്
ഡോ. എം. എൻ വിനയകുമാർ
ശാന്തി പി.കെ, പ്രസന്നകുമാരി എം.വി
സി.ജെ ബിന്നറ്റ്, ബ്രിജി കെ. ബി
**ഉപദേശക സമിതി:**
എ.സി മൊയ്തീൻ എം.എൽ.എ
യു.പി. ജോസഫ്, ഡോ. സിജി പി.സി
സാജൻ ഇഗ്നേഷ്യസ് സി, പ്രമോദ് കെ
**ഡിസൈനിംഗ്:** ജെയ്സൻ വടക്കൻ
**ഡി. ടി. പി:** ആനന്ദവല്ലി എം


# പൂരക്കളിയും ചരിത്രവും

**കെ എം സിൽജ**



**അ**സാധാരണമായ കായികക്ഷമതയും, താളബോധവും, വേണ്ട കളിയാണിത്. കളിക്കാർ വിയർത്ത് എണ്ണയിട്ട പോൽ തിളങ്ങുന്ന ശരീരവുമായി 20 മിനിറ്റ് നേരം ഇടമുറിയാത്ത ചുവടുകൾ പൂരക്കളിയെ വേറിട്ടതാക്കുന്നു.

? ഉത്തര കേരളത്തിലെ അനുഷ്ഠാന നർത്തനങ്ങളിൽ ഒന്നാണ് പൂരക്കളി. സവർണ്ണന്റെ വർണവെറിക്ക് മുകളിൽ അവർണ്ണന്റെ ശക്തമായ പ്രതിരോധമാണ് പൂരക്കളിയുടെ ചരിത്രമാകുന്നത്. സംഘകാല ചരിതത്തിന്റെ തിരുശേഷിപ്പാണ് ഈ നർത്തനം. ആദ്യകാലത്തെ പാട്ടുകൾ മണിപ്രവാളവുമായും പാട്ടു സാഹിത്യവുമായും ബന്ധപ്പെടുന്നുണ്ട്.

?കാർത്തിക നക്ഷത്രം മുതൽ പൂരം നക്ഷത്രം വരെയുള്ള 9 ദിവസങ്ങളിലാണ് സാധാരണയായി പൂരക്കളി നടത്തുന്നത്. തീർത്തും സ്ത്രീകളുടേത് മാത്രമായ പൂരോത്സവത്തിൽ പൂരക്കളി മാത്രമാണ് പുരുഷന്മാർ അവതരിപ്പിക്കുന്നത്. അതാകട്ടെ കാലമേറെ കഴിഞ്ഞപ്പോൾ വന്നുചേർന്നതായാണ് കണക്കാക്കപ്പെടുന്നത്. ഒരു അനുഷ്ഠാനകലയായ പൂരക്കളി ഇത്രയും പ്രചാരമാർജിച്ചത് കലോത്സവത്തിലൂടെയാണ്.

? വട്ടത്തിൽ നിന്നു കളിക്കുന്ന 12 കുട്ടികളെ 12 രാശികളായോ, ദേവകന്യകളായോ, സൂര്യന്മാരായോ കണക്കാക്കുന്നു. ആദ്യം വന്ദന സ്തുതിയായ ഗണപതി പാട്ടിനു ശേഷം ഇരട്ട രാമായണം കൃഷ്ണലീല എന്നിവ കളിക്കുന്നു . ചിന്തു പാടിയാണ് കളി അവസാനിപ്പിക്കുന്നത്. ചെമ്പട, അടന്ത താളങ്ങളിൽ കുട്ടികൾ കളിച്ചു മുന്നേറുന്നു. നടുവിൽ കത്തിച്ചുവച്ച നിലവിളക്കിനു ചുറ്റും കുട്ടികൾ ചുവടുവെക്കുന്നത് പ്രപഞ്ചശക്തികളുടെയും കാലത്തിന്റെയും പ്രതീകമായാണ് കണക്കാക്കുന്നത്. കലോത്സവത്തിൽ പൂരക്കളിക്കായി കുട്ടികൾ മാറ്റുരയ്ക്കുമ്പോൾ നമുക്ക് ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കേണ്ടതുണ്ട്.. അവിടെ കാതിൽ ഈയം ഉരുക്കി ഒഴിക്കപ്പെട്ടവന്റെയും പെരുവിരൽ മുറിക്കപ്പെട്ടവന്റെയും നാക്ക് പിഴുതെടുക്കപ്പെട്ടവന്റെയും അടിച്ചമർത്തപ്പെട്ട വിലാപത്തിന്റെ പ്രതിധ്വനി നമുക്ക് കേൾക്കാം. അതാണ് പൂരക്കളി.

**കൃഷ്ണാഞ്ജന വി ഡി**

# എന്റെ കലോത്സവം

**ഭിന്നശേഷി കലോത്സവത്തിൽ വിജയിയായ മത്സരാർത്ഥിയുടെ കുറിപ്പ്**

കഴിമ്പ്രം ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ്വൺ വിദ്യാർത്ഥിനിയായ ഞാൻ അഞ്ചാം ക്ലാസ്സ് മുതൽ ഇന്ന് വരെ എല്ലാ വർഷവും സ്പെഷ്യൽ സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കാറുണ്ട്. കാഴ്ച പരിമിതരുടെ വിഭാഗത്തിൽ പങ്കെടുക്കാറുള്ള എനിക്ക് മിക്ക മത്സരഇനങ്ങളിലും അ ഏ്യമറല തന്നെ ലഭിച്ചിട്ടുണ്ട്. പലപ്പോഴും ഏഷ്യയിലെ ഏറ്റവും വലിയ കലാമാമാങ്കം എന്ന് കേൾക്കുകയും അറിയുകയും ചെയ്യുമ്പോൾ പൂർണ്ണമായും അതിന്റെ ഒരു ഭാഗമാകാൻ ആഗ്രഹിക്കാറുണ്ട്. കഴിവുകളുടെ പരിമിതികൾക്ക് മീതെ കല വളരുമ്പോൾ ഒരുമിച്ചൊരു മത്സരം വേണമെന്ന് തോന്നിപ്പോവും. അത് സ്വാഭാവികമല്ലേ?



ഞാൻ മറക്കാത്ത ഒരു കലോത്സവം മലപ്പുറത്തെ തിരൂരിലെയാണ്. കാഴ്ച പരിമിതർക്ക് ക്യൂ നിൽക്കേണ്ടാത്ത ഭക്ഷണശാലയായിരുന്നു അവിടെ. എല്ലാവരെയും പരിഗണിക്കുന്നു എന്നതാണ് കാരണം.

കലോത്സവങ്ങൾക്ക് നിറമേറുന്നത് എല്ലാവരും ഒന്നിച്ച് നിൽക്കുമ്പോഴാണ്. ഭിന്നശേഷിക്കാരെക്കൂടി പരിഗണിക്കാൻ എല്ലാവർക്കും സാധിക്കേണ്ടതല്ലേ? ഭിന്നശേഷിക്കാരിയായത് കൊണ്ട് മാത്രം മറ്റ് സാധാരണ കുട്ടികളുമായി മത്സരിക്കാൻ സാധിക്കാത്തത് അനീതിയല്ലേ?

എല്ലാവരും ഉൾച്ചേർന്ന കലോത്സവമായിരുന്നെങ്കിൽ എന്റെ കലോത്സവങ്ങൾക്ക് കുറച്ചുകൂടി നിറമുണ്ടാകുമായിരുന്നു.

**മത്സരാർത്ഥി മന്ത്രിയായപ്പോൾ – തുടർച്ച...**

ജാവബോധം കല കൈകാര്യം ചെയ്തതിന്റെ ഭാഗമായി ലഭിച്ചിട്ടുണ്ട്. അത് രാഷ്ട്രീയ ജീവിതത്തിൽ ഗുണം ചെയ്തു എന്നാണ് ടീച്ചർ മനസ്സിലാക്കുന്നത്. ഉദാത്തവും ഉത്കൃഷ്ടവുമായ ഈ മാനവികബോധം ഒരു കലാകാരിയുടെ വൈകാരിക സ്വത്വമാണ്. ആ ബലിഷ്ഠമായ പടവുകളിലൂടെ തന്നെയാണ് തന്റെ രാഷ്ട്രീയ ജീവിതത്തിന്റെ യാത്ര ആരംഭിച്ചതും ഇന്നും തുടരുന്നതും. കലോത്സവവേദികളിൽ തിരശ്ശീല ഉയരുമ്പോൾ ടീച്ചറുടെ ഉള്ളിലെ ആ ഒമ്പതാം ക്ലാസ്സുകാരി വീണ്ടും ചിലങ്കയണിയുന്നു. ആട്ടവിളക്കിൻ വെട്ടത്ത് ദയമയന്തിയായി..................ദശപുഷ്പങ്ങൾ ചൂടിയ തിരുവാതിരക്കുട്ടിയായി അറിയാതെ മാറുന്നു. ഒപ്പം അക്ഷരങ്ങളിൽ അഗ്നിപടർന്ന് രചിച്ച കഥകൾ, പ്രണയവും വിപ്ലവവും കലർന്ന കവിതകൾ........ഇൗ സർഗ്ഗ പ്രതിഭയെക്കുറിച്ച് ഇനിയും വിശദീകരിക്കേണ്ട ആവശ്യമില്ല.

കഥകളി അഭ്യസിച്ചത് ഇരിങ്ങാലക്കുടക്കാരുടെ രാഘവനാശൻ - കലാനിലയം രാഘവനിൽ നിന്നാണ്. ഗുരുവും ശിഷ്യയും നാൽപ്പതു വർഷത്തിനിപ്പുറം വീണ്ടും ഒന്നിച്ചു കൂടി. രണ്ട് വർഷം മുമ്പ് നടന്ന കൂടൽമാണിക്യം ഉത്സവത്തോടനുബന്ധിച്ച് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസമന്ത്രി ദമയന്തിയായി അരങ്ങ് കീഴടക്കി. ഒപ്പം ആസ്വാദകരുടെ മനസ്സും. ഈ പ്രായത്തിൽ, ശ്രദ്ധചെലുത്തേണ്ട ആരോഗ്യപ്രശ്നങ്ങളിൽ, ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് കർമ്മനിരതയായ നാളുകളിൽ, ഇങ്ങനെ ഒരു മന്ത്രിയുടെ കഥകളി അവതരണം........ അതും കേരളത്തിന് മാത്രം സ്വന്തം. പറവൂർ സുരേന്ദ്രന്റെയും സീതാലക്ഷ്മിയുടെയും ശിഷ്യയായിട്ടാണ് നൃത്തപഠനം നടത്തിയത്. സ്കൂൾ ജീവിതം കഴിഞ്ഞ് കോളേജിൽ എത്തിയപ്പോൾ നാടകരംഗത്തും സജീവമായി. അങ്ങനെ കലാതിലകമായി, സർഗ്ഗപ്രതിഭയായി ശോഭിച്ച ബിന്ദുരാധാകൃഷ്ണൻ 64-ാമത് സംസ്ഥാന കലോത്സവത്തിന്റെ സംഘാടകയും രക്ഷാധികാരിയും ആയി നമ്മുടെ മുന്നിൽ ആവേശമായി വന്നു നിൽക്കുന്നു.

കലോത്സവരംഗത്ത് ഈയിടെ ഉണ്ടായ മാറ്റങ്ങളെ ബിന്ദുടീച്ചർ വളരെ ഗുണപരമായാണ് വിലയിരുത്തുന്നത്. ടീച്ചർക്ക് ഏറ്റവും ഹൃദ്യമായി തോന്നിയത് ആദിവാസികളുടെ വിവിധ കലാരൂപങ്ങൾ ഇപ്പോൾ മത്സരത്തിന്റെ ഭാഗമായിട്ടുണ്ട് എന്നുള്ളത്. നമ്മുടെ നാടൻ കലാരൂപങ്ങളെയും പാരമ്പര്യ കലാരൂപങ്ങളെയും പരിചയപ്പെടാൻ കുട്ടികൾക്ക് അവസരമുണ്ടാക്കിക്കൊടുക്കാൻ ഇതിലൂടെ കഴിയുന്നു എന്നാണ് ടീച്ചർ പറയുന്നത്.

കലോത്സവവേദികളെ സ്നേഹവും സൗഹൃദവുമൊക്കെ പൂത്തുലയുന്ന വേദികളായി കാണണം എന്നും സങ്കുചിതമായ മത്സരബുദ്ധിയേക്കാൾ ആരോഗ്യകരമായ സൗഹൃദവും സ്നേഹവുമം നിറഞ്ഞ സുഹൃത്ബന്ധങ്ങളായി അത് മാറണമെന്നും ടീച്ചർ പറയുന്നു. അത് ജീവിതകാലം മുഴുവൻ ആത്മബന്ധങ്ങളായി നമ്മുടെ കൂടെ ഉണ്ടാകും എന്ന് സ്വന്തം ജീവിതാനുഭവത്തിൽ നിന്നു കൊണ്ട് ടീച്ചർ വിശ്വസിക്കുന്നു.

'വിണ്ടലമേറിയ താരകൾ –
നിൻ കളി വീണ്ടുമരങ്ങേറുകെന്നറിയിക്കിലും'

എന്നോർമ്മപ്പെടുത്തും പോലെ കലാഹൃദയമുള്ള ഒരു ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ ആർ ബിന്ദു.

കനകച്ചിലങ്ക പിന്നെയും കിലുങ്ങുന്നു......................

# സംസ്ഥാന സ്കൂൾ കലോത്സവം
# പുതിയ വഴികൾ

**ഡോ.എം.എൻ. വിനയകുമാർ**

നമ്മുടെ സ്കൂൾ കലോത്സവം തുടങ്ങിയേടത്തല്ല ഇപ്പോഴുള്ളത്. വിമർശനങ്ങളും പരാതികളും തെറ്റിയ വഴികളും മറികടന്ന് അറുപത്തിനാലാമതാവുമ്പോഴേക്കും കുട്ടികളുടെ ഒരു മഹാലോകം ഇവിടെ തുറക്കപ്പെടുന്നു. ഒരിക്കലും സാദ്ധ്യമല്ലെന്നു കരുതിയ മാറ്റങ്ങൾ പോലും നടപ്പിൽ വന്നത് പൊതുജനം ആഹ്ളാദത്തോടെയാണ് സ്വീകരിച്ചത്.

ടാബ്ളൊ, ഫാൻസി ഡ്രസ്സ് എന്നിങ്ങനെ വഴിതെറ്റി വന്ന മത്സരയിനങ്ങൾ ഇടക്കാലത്ത് വലിയ ജനശ്രദ്ധ നേടുകയുണ്ടായി. പത്രങ്ങൾ ഈ മത്സരങ്ങളെ വലിയ രീതിയിൽ വരവേറ്റു. പക്ഷേ, വന്ന വഴിയേ ഇവയ്ക്ക് തിരിച്ചു പോകേണ്ടി വന്നു. ഈ മത്സരയിനങ്ങളിൽ കുട്ടികളുടെ പങ്ക് തീരെയില്ല എന്നതായിരുന്നു കാരണം.

കുട്ടികൾ തമ്മിൽ എന്നതുമാറി വലിയ ശില്പികളും ചിത്രകാരന്മാരും മത്സരിക്കുന്ന ഇനങ്ങളായി ഇവ രൂപപ്പെട്ടു. പ്രധാന വേദിയിൽ വലിയ സദസ്സുള്ള മത്സരങ്ങളായിരുന്നു ഇവ. കുട്ടികളുടെ പ്രതിഭാ ശേഷി തീരെ ആവശ്യമില്ലാത്ത ഈ മത്സരങ്ങൾ വേണ്ടെന്നുവച്ചപ്പോൾ പ്രതിഷേധമോ നിസ്സഹകരണമോ ഒന്നുമുണ്ടായില്ല. ജനം ആ തീരുമാനത്തെ വേണ്ട വിധം ഉൾക്കൊണ്ടു. ഇപ്പോൾ ടാബ്ളൊ, ഫാൻസി ഡ്രസ്സ് മത്സരങ്ങൾ സ്കൂൾ കലോത്സവത്തിലില്ല.

കലാതിലകം പ്രതിഭാ പട്ടങ്ങൾ വേണ്ടെന്നു വയ്ക്കാൻ കഴിയുമെന്ന് കലോത്സവത്തെ അകലെ നിന്നു നോക്കിക്കാണുന്നവർക്ക് സങ്കല്പിക്കാനാവുമായിരുന്നില്ല. അതും നടപ്പിലായി. ഒരു മഹാമേള ആത്യന്തികമായി രണ്ടു പേരിലേക്ക് ചുരുങ്ങുന്ന അവസ്ഥയെ ഇതുവഴി മറി കടക്കാൻ കഴിഞ്ഞു. കലോത്സവത്തെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായ തീരുമാനങ്ങളിൽ ഒന്നാണിത്. സമാനമായ മറ്റൊരു തീരുമാനം മത്സരങ്ങൾക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്കു പകരം ഗ്രേഡ് മതി എന്നതാണ്. പങ്കെടുക്കുന്ന എല്ലാവർക്കും എ ഗ്രേഡ് കിട്ടാമെന്ന സാഹചര്യം ഇതുവഴി രൂപപ്പെട്ടു. പ്രത്യാഘാതങ്ങളൊന്നുമുണ്ടാവാതെ ഇതും സ്വീകരിക്കപ്പെട്ടു.




ഈ കലോത്സവത്തിന്റെ ഘടന, പരിഷ്കരണത്തിന് വഴങ്ങുന്നതും മാറ്റങ്ങൾക്ക് വിധേയപ്പെടുന്നതുമാണെന്ന് പല തവണ തെളിയിക്കപ്പെട്ടു എന്നതാണ് മേൽപ്പറഞ്ഞ മാറ്റങ്ങൾ ബോദ്ധ്യപ്പെടുത്തുന്നത്.

രണ്ടോ അതിലധികമോ സ്വഭാവം പുലർത്തുന്ന കലാരൂപങ്ങൾ ഈ മത്സരത്തിലുണ്ട്. അതിനു പുറമേ സാഹിത്യ മത്സരങ്ങളുമുണ്ട്. വലിയ രീതിയിൽ പരിശീലിപ്പിക്കുകയും കഠിനാദ്ധ്വാനം ചെയ്യിക്കുകയും അരങ്ങിലെത്തുന്നതുവരെ ഉപദേശ നിർദ്ദേശങ്ങൾ നൽകി പരിശീലകർ ഒപ്പം നിൽക്കുകയും ചെയ്യുന്ന കലാരൂപങ്ങളാണ് ഒന്നാം വിഭാഗമെന്നു പറയാം.

ഇതിൽ തന്നെ പരിശീലകർക്ക് പിന്നണിയിൽ പ്രവർത്തിക്കാൻ പറ്റുന്ന കലാരൂപങ്ങളും പരിശീലകർ അണിയറയിൽ പാടില്ലാത്ത കലാരൂപങ്ങളുമുണ്ട്. ഉദാഹരണങ്ങൾ എടുത്ത പറയാത്തത് ഏതെങ്കിലും പ്രത്യേക മത്സര ഇനങ്ങളെ ഇകഴ്ത്തിയോ പുകഴ്ത്തിയോ പറയുക ലക്ഷ്യമല്ലാത്തതുകൊണ്ടും അതിനിവിടെ സാംഗത്യമില്ലാത്തതുകൊണ്ടുമാണ്. ചില മത്സരയിനങ്ങൾക്ക് പുറത്തുനിന്നുള്ള പിന്നണിക്കാർ അനിവാര്യമാണ്. എന്നാൽ ചിലത് പുറത്ത് പൊതു വേദിയിൽ അവതരിപ്പിക്കുമ്പോൾ പോലും പിന്നണി ആവശ്യമില്ലാത്തതുമാണ്. ഈ വേർതിരിവ് സൂക്ഷ്മമായി പാലിക്കാൻ കലോത്സവത്തിൽ ഒരു അഴിച്ചു പണി ആവശ്യമാണെങ്കിൽ ഇനിയും ആ വഴിക്കു നിങ്ങണം.

ചില കലാരൂപങ്ങൾ പുറത്ത് എവിടെയും കാണാത്തതും യുവജനോത്സവങ്ങളിൽ മാത്രം കാണുന്നതുമാണ്. കലോത്സവ നിർമ്മിതിയാണ് അവയെന്നു പറയാം. പുറത്തും കലോത്സവത്തിലും ഉള്ളവയിൽ തന്നെ കലോത്സവത്തിനകത്ത് സവിശേഷമായ രൂപം പ്രാപിക്കുകയും യഥാർത്ഥ കലാരൂപത്തേക്കാൾ കലോത്സവത്തിനകത്തെ കലാരൂപങ്ങൾ മികച്ചതാവുകയും ചെയ്യുന്നു. ഇത് ഗുണമോ ദോഷമോ എന്ന് ആലോചിക്കേണ്ടതുണ്ട്.

ജന്മം കൊണ്ട് ചില കലാരൂപങ്ങൾ ചിലരുടെ സ്വന്തമെന്നു തന്നെ പറയാം. നൃത്തത്തേക്കാൾ ചിത്രശില്പ കലകൾ പ്രസംഗം, ഗാനം എന്നിങ്ങനെയുള്ളവ പരിശീലനമില്ലെങ്കിലും ചിലരുടെ ഉള്ളിൽ കുടിയിരിക്കും. ചിലർക്ക് ആശ്വാസമോ സമാധാനമോ പകരാൻ ചില സന്ദർഭങ്ങളിൽ ഈ കലാരൂപങ്ങൾ ഉപകരിക്കും.

അതേ സമയം, വാശിയോടെ പഠിച്ചെടുത്ത് നിരന്തരം പരിശീലിച്ച് കൂടെ നിർത്താൻ ആഗ്രഹിക്കുന്ന ചില കലാരൂപങ്ങൾ ഒരു ഘട്ടം കഴിഞ്ഞാൽ മനസ്സിൽ നിൽക്കാൻ കൂട്ടാക്കാതെ ചാടിപ്പോവുകയും ചെയ്യും. മത്സരത്തിനു വേണ്ടി മാത്രം ശരീരത്തിലേക്ക് കയറ്റിവിടുന്ന കലാരൂപങ്ങളായി അവയെ കണക്കാക്കാം

ഇത്തിക്കണ്ണിയെങ്കിലും മുറിച്ചു മാറ്റുക എളുപ്പമല്ലാത്തതുകൊണ്ടാണ് ചില സ്റ്റേജിനങ്ങൾ ഇപ്പോഴും നിലനിൽക്കുന്നത്. സ്വതന്ത്ര വൃക്ഷത്തെപ്പോലെയോ അതിലധികമോ അവ വളർന്നു പോയിരിക്കുന്നു.

ദേശത്തിന്റെ കലാരൂപങ്ങളെന്ന നിലയിൽ കലോത്സവങ്ങളിൽ സ്ഥാനം നേടിയവ കലോത്സവത്തിനു പുറത്തും കേരളമാകെ നിറയുകയാണ് വേണ്ടത്. പൂരക്കളി, ചവിട്ടുനാടകം, യക്ഷഗാനം എന്നിവയിൽ യക്ഷഗാനം പ്രദർശന ഇനമായി ആദ്യം ഉൾപ്പെടുത്തുകയും പിന്നീട് മത്സരയിനമായി മാറുകയും ചെയ്തു.

ഇവയുടെ നിലനിൽപ്പ് ഭദ്രമാക്കുന്നതിന് അവയുടെ ജന്മദേശ ജില്ലകളിൽ നിന്ന് കൂടുതൽ ടീമുകളെ ഉൾപ്പെടുത്തുന്ന വിധം പരീക്ഷണം ആകാവുന്നതാണ്. സന്തുലിതമായി ഇത് നടപ്പിൽവരുത്താൻ കഴിഞ്ഞാൽ വലിയ വിജയമായിരിക്കും. ഓരോ ജില്ലക്കും ചില പ്രത്യേക ഇനങ്ങളിൽ കൂടുതൽ ടീമുകളെ പങ്കെടുപ്പിക്കാൻ അവസരം നൽകിയാൽ മതിയാവും. വടക്കൻ ജില്ലകളിലെ ചില സബ്ജില്ലകളിൽ നടക്കുന്ന മത്സരങ്ങളുടെ നിലവാരം പോലും ചില ഇനങ്ങളിൽ സംസ്ഥാനമത്സരത്തിന് കൈവരുന്നില്ല എന്നത് പരിഹരിക്കപ്പെടേണ്ടതാണെന്നു തോന്നുന്നു.

വർഷങ്ങളായി തുടരുന്ന ജഡ്ജസിനെ ഇക്കുറി മാറ്റുകയും പുതിയ ആളുകളെ കൊണ്ടുവരികയും ചെയ്യുന്നുവെന്നത് ആഹ്ളാദകരമായ നടപടിയാണ്. ചില മത്സരയിനങ്ങൾക്ക് തുടർച്ചയായി ഒരേ ജഡ്ജസ് മാർക്കിടുകയും ഒരേ വിഭാഗം പരിശീലകർ പഠിപ്പിക്കുകയും ചെയ്യുക വഴി ചില കലാരൂപങ്ങളുടെ സ്വഭാവത്തിൽ മാറ്റം വരികയും നമ്മൾ പുറത്ത് കാണുകയോ അനുഭവിക്കുകയോ ചെയ്യാത്തതും നിലവാരമുള്ളതുമായ മറ്റൊരു കലാരൂപമായി മാറുകയും ചെയ്തിട്ടുള്ളത് പരിശോധനക്കു വിധേയമാകേണ്ടതുണ്ട്.

ജന്മം കൊണ്ട് ലഭിക്കുന്ന പ്രതിഭയും ഒപ്പം പരിശീലനവും ആകുമ്പോൾ ചില കലാരൂപങ്ങളെ ഗംഭീരമായി അരങ്ങിലെത്തിക്കാനാവുന്നുവെന്നതും ചില പുതിയ ആർട്ടിസ്റ്റുകൾ ഇതുവഴി പുറത്തുവരുന്നുവെന്നതും യുവജനോത്സവം അതിന്റെ ആരംഭകാലം മുതൽ തുറന്നിടുന്ന ഒരു വഴിയാണ്.

ചെണ്ടയുടെ ഇടംതലയിൽ ഏതു ഭാഗത്ത് എങ്ങനെ സ്പർശിച്ചാൽ എന്തു തിരിച്ചു കിട്ടുമെന്ന അറിവ് വിസ്മയമുണ്ടാക്കുന്ന ഒന്നാണ്. എവിടെ കോലമർത്തിയാൽ എവിടെ വിരൽതൊട്ടാൽ ഏതു നിമിഷത്തിൽ കൈയും കോലും അന്തരീക്ഷത്തിൽ തത്തിക്കളിച്ചാൽ എന്തെന്തൽഭുതങ്ങൾ സൃഷ്ടിക്കാം എന്ന അറിവ് ഒരു സാധാരണ കലാകാരനെ അസാധാരണ വൈഭവമുള്ളവനാക്കി മാറ്റുന്നു.

ആക്ഷേപഹാസ്യം മുഖമുദ്രയായ ഒരു കലാരൂപത്തിൽ സൗന്ദര്യത്തികവിനോ ഭംഗിയ്ക്കോ വേണ്ടി കരച്ചിൽ അധികമായി ചേർത്തു കൊടുക്കുമ്പോൾ പുതിയ ഒരു റിസൽട്ട് കിട്ടുമായിരിക്കും. പക്ഷേ അത് ആ കലാരൂപത്തിന്റെ ഹൃദയത്തെ പരുക്കേൽപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ പരിശീലകനും ജഡ്ജിനും കലാകാരനും കഴിയണം. കുഞ്ചൻ നമ്പ്യാരുടെ പാട്ട് നിലനിൽക്കെത്തന്നെ മുഖത്തെ ഭാവം വരികൾക്കു നിരക്കാത്തതെങ്കിൽ പുറമേക്ക് തുള്ളലെങ്കിലും സൂക്ഷ്മമായി അകത്തേക്കു നോക്കിയാൽ അത് തുള്ളലല്ലെന്നു വരും.

പതിനെട്ടു നിറങ്ങളും ഉടുത്തുകെട്ടിലെ ചല്ലണവും ചൊറയും നിശ്ചയമുള്ളവരും അതൊക്കെ മനസ്സിൽ അലിഞ്ഞുകിടപ്പുള്ളവരുമായ ഉത്തരമലബാറിലെ കുട്ടികൾ ഉടുത്തുകെട്ടിലും ബാഹ്യഭംഗിയിലാകെയും മികച്ചുനിൽക്കുന്ന മറ്റു ജില്ലകളിലെ കുട്ടികളുമായി മത്സരിക്കുമ്പോൾ മത്സരത്തിന്റെ ഗൗരവമോ സ്വഭാവമോ നഷ്ടപ്പെടുകയും സംസ്ഥാനമത്സരത്തിനു വഴി തെറ്റാനിടവരികയും ചെയ്യും.

ഒന്നോരണ്ടോ അവതരണത്തിനു മാത്രമായി കൂടുതൽ പണം ചെലവുചെയ്ത് കൂടുതൽ ജനശ്രദ്ധ നേടുന്ന കലാരൂപങ്ങൾക്ക് പ്രാധാന്യം കൈവരികയും ഒരേ ഇനത്തിൽ പത്തും പന്ത്രണ്ടും വർഷം പരിശീലനം തുടരുകയും ജന്മവാസനകൊണ്ട് ഓരോ അവതരണത്തിലും കൂടുതൽ മികവ് പുലർത്താനാവുകയും ചെയ്യുന്ന കലാരൂപങ്ങൾക്ക് വേണ്ടത ശ്രദ്ധ ലഭിക്കാതെ പോവുകയും ചെയ്യുന്നത് പരിതാപകരമാണ്.

ഇവിടെ സംസ്കാരത്തിന് ഈടുവയ്പായി മാറുന്നത് രണ്ടാമത്തെ വിഭാഗമാണെന്നതിൽ തർക്കമില്ല. സംസ്കാരത്തെ ഉയർന്ന വിതാനത്തിലേക്ക് നയിക്കുന്ന കലാരൂപങ്ങളെ സംഘാടകർക്കും മാധ്യമങ്ങൾക്കും കൂടുതൽ ശ്രദ്ധിക്കാൻ കഴിയണം.




# കലോത്സവ ചിന്തകൾ

**കവിത ബാലകൃഷ്ണൻ**

**വി**ദ്യാലയങ്ങൾ സമൂഹജീവിതത്തിനും അച്ചടക്കത്തിനും മികച്ച ശിക്ഷണത്തിനു മുള്ള ഇടങ്ങളായിരിക്കേ തന്നെ അവിടെ വരുന്ന മനുഷ്യർക്ക് അവരുടെ ബാല്യ കൗമാരങ്ങൾ ഉണ്ട്. അത് ആന്തരികലോകം വികസിക്കുന്ന കാലവും കൂടിയാണ്. ഒരു കുട്ടി ഏത് തരം കഷ്ടപ്പാടിലോ സമ്മർദ്ദത്തിലോ ആനന്ദത്തിലോ വളർന്നാലും, സ്വച്ഛവും സ്വതന്ത്രവുമായ ഒരു ഭാവനാ ജീവിതത്തിന്റെ സാധ്യത അയാൾ കണ്ടെത്തുന്ന ഘട്ടമാണീ കൗമാരം. അധ്യാപകരും രക്ഷിതാക്കളും സമൂഹവും അവരുടെ പരിമിതപ്പെട്ടുപോയ ലക്ഷ്യങ്ങൾ കുട്ടികളുടെ മേൽ അടിച്ചേൽപ്പിക്കുമെങ്കിലും സ്വയം കണ്ടെത്തലിനുള്ള ഒരു ഊർജ്ജമാണ് കലോത്സവങ്ങൾ പകരുന്നത്. എനിക്ക് സ്കൂൾ പഠനകാലത്ത് കലോത്സവങ്ങൾ തന്നത് അത് തന്നെയാണ്. അത് മത്സരങ്ങളിലെ ജയപരാജയങ്ങൾ മാത്രമല്ല, അതിനായുള്ള ആവേശഭരിതമായ ഒരുക്കങ്ങളും, യാത്രകളും, കൂട്ടുചേരലും, സഹജീവിതവും, വ്യത്യസ്ത രുചികളുടെ സ്വാദുനോട്ടവും കൂടിയായിരുന്നു. ഒന്നുറപ്പാണ്, മത്സരങ്ങൾ ജയപരാജയങ്ങൾക്കും അതിന്റെ ഉപരിപ്ലവതകൾക്കും അപ്പുറം, കല എന്റെ ജീവിതത്തെ ശക്തമായി മുന്നോട്ടെടുത്തു. തിരിഞ്ഞുനോക്കുമ്പോൾ കലോത്സവങ്ങളോട് നന്ദിയുണ്ട്.

# മൈലാഞ്ചി മൊഞ്ച്

**ഷെയ്ഖ അബ്ദുള്ള**
(അധ്യാപിക)



അറുപത്തി നാലാമത് സംസ്ഥാന കലോത്സവത്തിന് കേരളത്തിന്റെ സാംസ്കാരിക ജില്ലയായ തൃശ്ശൂർ ആതിഥേയത്വം വഹിക്കുമ്പോൾ അതേ ജില്ലക്കാരിയായ ഞാൻ ഏറെ ആകാംഷയിലാണ്.. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ കലാ മാമാങ്കം. എല്ലാവരും ഒരുപോലെ ആഘോഷിക്കപ്പെടുന്ന ഉത്സവങ്ങളിൽ ഒന്നായി മാറിയിരിക്കുകയാണ് കലോത്സവം. കലയെ സ്നേഹിക്കുന്നവർ, കലയെ അംഗീകരിക്കുന്നവർ ഒരുപാടുണ്ട് എന്നതിന്റെ തെളിവാണിതെല്ലാം.വർഷങ്ങൾക്ക് മുൻപ് ഞാൻ പങ്കെടുത്ത കലോത്സവം.


അന്ന് ഞങ്ങൾ തറവാട്ടിൽ ആയിരുന്നു. വാപ്പയോട് പറയാൻ ധൈര്യം വന്നില്ല ഈ ആഗ്രഹം ഉമ്മയോട് പറഞ്ഞു ഉമ്മ വാപ്പയോടും വാപ്പ ആദ്യം സമ്മതിച്ചില്ലെങ്കിലും പിന്നെ എല്ലാവരും പറഞ്ഞത് പാലിക്കാൻ തയ്യാറായിരുന്നു.ഒരു പാട് നിബന്ധനകൾ വാപ്പ നിരത്തി. കലോത്സവം കാണാൻ പോകാമെന്നു പറഞ്ഞതിന്റെ തലേന്ന് ഉറങ്ങാൻ കഴിഞ്ഞില്ല. ഒപ്പന കാണണം. കുറേ ആ ഭരണങ്ങൾ അണിഞ്ഞു കാതിൽ തോടയും ചിറ്റും ഇട്ട് കയ്യിലും കാലിലും മൈലാഞ്ചി ചുവപ്പിച്ചു കൂട്ട് പുരികമുള്ള ചുവന്ന ചുണ്ടുള്ള മണവാട്ടി. ചന്തത്തിൽ ഒരുങ്ങി കൈകൊട്ടി പാടി തോഴിമാരും. സ്വപ്നത്തിൽ മണവാട്ടിക്ക് വല്ലാത്ത മൊഞ്ച്. വേഗം നേരം പുലർന്നെങ്കിലെന്ന് ആശിച്ചു പോയി.

പിറ്റേ ദിവസം രണ്ട് ഓട്ടോകളിലായി വാപ്പ ഞങ്ങളെയും കൊണ്ട് കലോത്സവം കാണാൻ പുറപ്പെട്ടു. കലോത്സവ വേദിക്ക് മുന്നേ തെങ്ങിൽ കോളാമ്പി മൈക്കുകൾ. മത്സരാർഥികളുടെ നമ്പറുകൾ വിളിക്കുന്നു.. മിമിക്രി ആണ്. കെ കരുണാകരനും, ഇ കെ നായനാരും ആയി ആരൊക്കെയോ അരങ്ങു തകർക്കുന്നു. കാണികൾ വലിയ ആവേശത്തിലാണ്, അവർ കൈകൊട്ടി പ്രോത്സാഹിപ്പിക്കുന്നത് കേട്ടാണ് ഓട്ടോ ഇറങ്ങിയത്.

ഓട്ടോ ഇറങ്ങിയതും അനിയൻ അവന്റെ അഭിനയകല പുറത്തെടുത്തു.പെട്ടെന്ന് അവനു വിശപ്പ് അനുഭവപ്പെട്ടു. വാപ്പയുടെ ആദ്യത്തെ കരാർ വെള്ളത്തിലായി. എല്ലാവരും ഐസ് ക്രീം കഴിച്ചു. ഞങ്ങൾ കലോത്സവ വേദിയിലേക്ക് നടന്നു. ഞങ്ങൾ ചെല്ലുമ്പോൾ നാടോടി നൃത്തം നടക്കുകയാണ്. ഇന്നത്തെ സൗകര്യങ്ങൾ ഒന്നും തന്നെ അന്നില്ല. കാണികൾ ഇരുന്നും നിന്നും വിയർത്തും മത്സരം വീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. മത്സരാർത്ഥി സ്റ്റേജിൽ ജീവിച്ചു കാണിക്കുകയാണ്. എല്ലാവരുടെ കണ്ണുകളും സ്റ്റേജിലേക്ക് മാത്രം. കൈകൾ തമ്മിൽ കൂട്ടിയടിച്ചു വളകൾ പൊട്ടിക്കുന്നു, കുഞ്ഞിനെ മാറോടു ചേർത്ത് വിതുമ്പുന്നു, തല തല്ലി കരയുന്നു, പിന്നെ രൗദ്ര ഭാവത്തിൽ... 'കുഞ്ഞിന് വായുണ്ടോ...' വരികൾ അങ്ങനെയായിരുന്നു. കണ്ടു നിന്നവരിലേക്ക് ആ ഭാവങ്ങൾ പകർന്നാടി... ഞങ്ങൾ പരസ്പരം കൈകോർത്തു നിന്നു. പരസ്പരം നോക്കി.

അനിയനെ കാണാനില്ല. അവൻ എവിടെ? വേദിയിൽ പതിനൊന്നു മക്കളെ നഷ്ടപ്പെട്ട അമ്മ. സദസ്സിൽ അനിയനെ കാണാത്ത വിഷമത്തിൽ ഞങ്ങൾ. എല്ലാവരും തിരച്ചിലായി. അവിടെ കണ്ടവരോടെല്ലാം ചോദിച്ചു. ഇട്ടിരുന്ന വസ്ത്രത്തിന്റെ നിറം ചോദിക്കുന്നു ചിലർ. ഞങ്ങളിൽ പലരും കരച്ചിലിന്റെ വക്കോളാം എത്തിയിരുന്നു. കാണികളിൽ ആരോ ഒരാൾ പറഞ്ഞു, നിങ്ങൾ സ്റ്റേജിനു പുറകിൽ പോയി അനൗൺസ് ചെയ്യുന്നവരോട് കാര്യം പറയു എന്ന്. വാപ്പ വേഗം അവിടേക്ക് നടന്നു.

അവിടെ ചെല്ലുമ്പോൾ അതാ അനിയൻ. അവിടെ ഡ്യൂട്ടിയിൽ ഉള്ള അധ്യാപകർ കാര്യം തിരക്കുകയാണ്. ഞങ്ങളെ കണ്ടതും അവൻ ഓടി അടുത്തേക്ക് വന്നു. സന്തോഷം കൊണ്ട് കരയുകയാണ്. ഞങ്ങളും കരയുകയാണോ? പരസ്പരം നോക്കി. 'എല്ലാവരും വേഗം വീട്ടിലേക്ക് നടന്നോ.' വാപ്പ പറഞ്ഞു. ഒപ്പനയും മോണോആക്റ്റും കാണാമെന്ന് പ്രതീക്ഷിച്ചു പോയ ഞങ്ങൾ വേഗത്തിൽ തിരികെ പോന്നു. പോരുമ്പോൾ ആരും ഒന്നും സംസാരിച്ചില്ല.എല്ലാവർക്കും ദേഷ്യവും നിരാശയും തോന്നി. കുറേ കഴിഞ്ഞപ്പോൾ നിശബ്ദതയെ ഭേദിച്ചു കൊണ്ട് ഞാൻ ചോദിച്ചു. അല്ലാ നീ ശരിക്കും എവിടെയായിരുന്നു? നമ്മൾ കണ്ട ഡാൻസിലെ അമ്മയുടെ കരച്ചിൽ കാണാൻ പറ്റാത്തോണ്ട് ഞാൻ മാറി നിന്നതാണെന്ന്... നിഷ്കളങ്കമായ മറുപടി കേട്ട് ഞങ്ങൾ ചിരിച്ചു. ഒരു നിമിഷം കൊണ്ട് ദേഷ്യം സ്നേഹത്തിനു വഴിമാറി. അവനെ ചേർത്ത് പിടിച്ചു ഞങ്ങൾ പറഞ്ഞു 'അത് അവർ അങ്ങനെ അഭിനയിച്ചതല്ലെ എന്ന്...' അഭിനയവും യാഥാർഥ്യവും തിരിച്ചറിയാത്ത അവനെ കുറ്റപ്പെടുത്തിയ ഞങ്ങൾ ഒരു നിമിഷം ഖേദിച്ചു. ചേർത്ത് പിടിക്കാൻ തന്നെ ആയിരുന്നു, ആ നാടോടി നൃത്തത്തിലെയും പാഠം. ഇന്നും കലോത്സവത്തിന് കാണിയായി ഇരിക്കുമ്പോൾ പഴയ ഓർമ്മകൾ ഒഴുകി വരും. ഒപ്പനക്ക് അനിയത്തിക്ക് കൂട്ടുപോയതും ഒരുങ്ങി ഇരുന്ന് സമയം വൈകിയപ്പോൾ ഉറങ്ങിപ്പോയതുമെല്ലാം നിറമുള്ള ഓർമകളാണ്. ഫസ്റ്റ് കിട്ടുമെന്ന് പ്രതീക്ഷിച്ചതിന് സമ്മാനമില്ലാതെ പോയതും ഇന്നും മനസ്സിൽ വിങ്ങുന്ന ഓർമയായി അവശേഷിക്കുന്നു. അതെ ഇന്നലെകൾക്ക് എന്ത് ഭംഗിയാണ്... ഇന്നത്തെ കുട്ടികൾക്കും ഓർമ്മയിൽ സൂക്ഷിക്കാൻ നല്ലൊരു കാലോത്സവക്കാലം ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.....



# പൂപ്പൂരം

വിനോദ് വൈശാഖി

സൂര്യകാന്തിയിൽ ചായും
അന്തിയോളങ്ങൾ
വർണ്ണ രാവിലേക്കൊഴുകുന്ന
ചിലമ്പിൻ താലപ്പൊലി

പരിജാതത്തിൽ നിന്നു
കൊറ്റികൾ പറന്നഞ്ചു
ദിനരാത്രങ്ങൾ ചേ-
ക്കാറാതെ തളരാതെ

ആമ്പലായധ്യാപകർ
അരികിൽ മിഴിവോടെ
പക്കമേളത്താൽ ഇമ്പം
നിലാവിൽ തൃശൂർ പൂരം

പവിഴമല്ലികൾ വാടാ-
തുറങ്ങാക്കിടാങ്ങളാ
യൊരുമിച്ചുയിർക്കുന്ന
മിന്നുന്ന വിളക്കുകൾ

പത്താണ്ടു നിവർത്തിയ
നവകേരളത്തിന്റെ
ഭംഗിയായ് വിടരുന്ന
ഗുൽമോഹർ പെരുമകൾ

ശംഖു പുഷ്പങ്ങൾ
നീളൻ കണ്ണുകളെഴുതുമ്പോൾ
മുല്ലകൾ നീലാകാശ
ത്തുദിക്കാനൊരുങ്ങുന്നു

പൂരപ്പറമ്പിൽ പൂക്കും
നീലക്കുറിഞ്ഞിക്കൊരേ
സ്വരം,കുടമാറ്റങ്ങൾ,ഓരോ
കൈയിലും റോസാപ്പൂക്കൾ

വിരൽപൂവുകളാലെ
മുദ്രകൾവിടർത്തുന്ന
നർത്തകിമാരേകാണൂ
കാർമേഘപൂപ്പൂരങ്ങൾ



# ആസ്വാദനത്തിന്റെ ജാലകം തുറക്കാം...

**സുമി ടി കെ**
(അധ്യാപിക, ജി വി എച്ച് എസ് എസ് വലപ്പാട്)

ഒരു അധ്യാപികയും സ്ത്രീയുമെന്ന വീക്ഷണകോണിൽ നിന്ന് ഞാൻ കലയെ വിലയിരുത്താം. മെയ്യും മനസും ഇഴ ചേരുമ്പോൾ ആണ് കലകൾ തെളിയുന്നത്. അത്തരത്തിൽ ഒരു കലാമാമാങ്കത്തിനായാണ് തൃശിവപേരൂർ നഗരം വേദിയാകുന്നത്.

വടക്കുന്നാഥന്റെ നെറ്റിത്തടത്തിൽ ഈ വരുന്ന ദിനങ്ങളിൽ കലാമേളകളുടെ കൂടാരം ഉയരുകയാണ്. ഇങ്ങനെയൊരവസരം സാംസ്കാരിക നഗരത്തിന്റെ സൗഭാഗ്യമെന്നെ പറയേണ്ടു. ഒരു സാധാരണ തൃശൂർക്കാരനെ സംബന്ധിച്ചിടത്തോളം പ്രത്യകിച്ചും സ്ത്രീകളെ പരാമർശിച്ച് കൊണ്ട് പറയട്ടെ, ലോകപ്രശസ്തമായ തൃശൂർ പൂരം കാണാതെ തന്നെ തൃശൂർക്കാരായി ജീവിച്ച് മരിക്കുന്ന എത്രയോ മനുഷ്യരുണ്ട് നമുക്കിടയിൽ. ജീവിതം ഒരു ചെറിയ ഭൂപടത്തിൽ ഒതുക്കി നിർത്തി ജീവിച്ചു തീർക്കുന്നവർക്ക്

തൃശൂർ പൂരമോ കലോത്സവമോ പുതുമയോ പുത്തരിയോ അല്ല. ഈ പുതിയ കാലത്ത് സോഷ്യൽ മീഡിയയിൽ ലൈക്കും ഷെയറും ചെയ്യാനുള്ള ദിവസങ്ങളായി മാത്രം ചൂടാത്ത പുഷ്പങ്ങളെ പോലെയീ കലാദിനങ്ങൾ കൊഴിഞ്ഞ് തീരുമായിരിക്കും. നേർക്കാഴ്ചകളുടെ നേരും നെറിയും മുഖപുസ്തകത്തിനോ മറ്റു സാമൂഹിക മാധ്യമങ്ങൾക്കോ, സമ്മാനിക്കാൻ കഴിയില്ലെന്ന വസ്തുത ആരുമെന്തെ തിരിച്ചറിയാതെ പോകുന്നത്. കുട്ടികൾ പോലും കലയുടെ കാണാകാഴ്ചകൾ നേരിട്ട് ഹൃദയത്തിലേറ്റേണ്ട നേരം കയ്യിലൊതുങ്ങുന്ന ചില്ലുപെട്ടികളിൽ ചെറിയ ലോകത്തിന്റെ മറുലോകത്തിൽ ലൈക്കിനും ഷെയറിനു മാത്രമായി കാത്തിരിക്കുന്നു.

എല്ലാം കാണണമെന്നും ആസ്വദിക്കണമെന്നും ആഗ്രഹിക്കുമെങ്കിലും ആരു കൊണ്ട് പോയി കാണിക്കാനാണ് എന്ന ചിന്താഗതിയിൽ സ്വയം തടവറ തീർത്ത് ഇന്നും ജീവിക്കുന്ന സ്ത്രീമനസുകൾക്കായി തൃശിവപേരൂർ നഗരം കാത്തിരിക്കുന്നു. ജീവിതത്തിന്റെ പ്രാരാബ്ധങ്ങൾക്കിടയിൽ പെട്ട് വീർപ്പുമുട്ടുന്ന പുരുഷമനസുകൾ തീരുമാനമെടുക്കട്ടെ കുടുംബത്തോടൊപ്പം കൂടെയുള്ളവരുടെ കൈ പിടിച്ച് കലയുടെ കാതര ഭാവങ്ങൾ കൺകളിലേറ്റാൻ തൃശൂരിന്റെ മാറിലേയ്ക്കെത്താൻ.

പ്രിയപ്പെട്ട സ്ത്രീ മനസുകളെ ഓർക്കുക ....

സ്ത്രീ ജന്മമായി പിറവിയെടുത്ത പാറുക്കുട്ടി നേത്യാർ, അവരുടെ പ്രവർത്തന വൈഭവമാണ് തൃശൂർ സ്വരാജ് റൗണ്ട് ചരിത്രം പരിശോധിക്കുമ്പോൾ സ്ത്രീകൾക്ക് സ്വാതന്ത്ര്യമില്ലാതിരുന്ന കാലത്തും തല ഉയർത്തിക്കൊണ്ട് ഭരണ പാടവം കാഴ്ചവെച്ച പാറുക്കുട്ടി നേത്യാരുടെ കാലമല്ല ഇത്.

സ്ത്രീ പുരുഷ പദവി തുല്യത നേടുന്ന കാലമാണ് ഇന്നത്തേത്. ഇറങ്ങി വരൂ......

കലയുടെ കാണാക്കാഴ്ചകളിലേയ്ക്കായി. തൃശിവപേരൂർ നഗരം നിങ്ങളെ കാത്തിരിക്കുന്നു. സമത്വ ഭാവനകൾ കലകളിലൂടെ തെളിയുന്നത് കാണാം എന്നിലെ അമ്മമനസ് കുട്ടികളോടായി കാതിൽ പറയട്ടെ മക്കളെ, കാഴ്ചകൾ കൺകളിലേയ്ക്കാവാഹിക്കുക. ഹൃദയത്തിലേറ്റുക. കൈകളിലെ കണ്ണാടി പെട്ടിയിൽ തെളിയുന്ന ലൈക്കിനും ഷെയറിനുമപ്പുറം ആസ്വാദനത്തിന്റെ മനോഹര ലോകം നിങ്ങൾക്കായി തീർച്ചയായും തുറക്കപ്പെടും.

കണ്ണുകൾ കലാസ്വാദനത്തിന്റെ ജാലകങ്ങളാണ്. തലമുറകളുടെ കണ്ണുകളിലൂടെ പകർന്നാടിയാണ് കലകൾ കാലങ്ങൾ താണ്ടുന്നത്. കലയും കണ്ണും കാഴ്ചയും അത്രവേറെ ബന്ധപ്പെട്ടിരിക്കുന്നു. വടക്കുന്നാഥന്റെ നെറ്റിത്തടത്തിലാണ് ഇത്തവണ കലാമേളകൾ. വടക്കുന്നാഥന്റെ തൃക്കണ്ണുപോലെ തൃശൂർ നഗരം ഉറക്കമിളച്ചിരിക്കുന്ന രാവുകൾ. കലോത്സവങ്ങൾ തികച്ചും കാഴ്ചക്കാരുടെ കണ്ണുകളിൽ മാറ്റം കൊണ്ടു വരേണ്ടതുണ്ട്. ചരിത്രമെടുത്ത് പരിശോധിച്ചാൽ പണ്ട് കാലത്ത് കലകളിലൂടെ ആസ്വാദന ശേഷി ഉണർത്തുക എന്നതായിരുന്നില്ല ലക്ഷ്യം.

സമൂഹത്തിൽ നില നിന്നിരുന്ന പല അനാചാരങ്ങളെയും കലകളിലൂടെ വിമർശിച്ചിരുന്നു. ഇന്ന് കലകളെല്ലാം റീച്ചും ലൈക്കും കിട്ടാനായുള്ള നിമിഷകലകളായി മാറിയിരിക്കുന്നു. പുതിയ കണ്ടെത്തലുകൾ കലകളിലും കലോത്സവങ്ങളിലും കൊണ്ട് വരേണ്ടതുണ്ട്. നല്ല സൃഷ്ടികൾക്കായി ഇനിയും പുലരികൾ പിറക്കട്ടെ ഭരതനാട്യവും മോഹിനിയാട്ടവും ചാക്യാർകൂത്തും മികച്ചത് തന്നെയെങ്കിലും കലാമേഖലയിൽ ഇനിയും പുതിയകലകൾ കലാകാരന്മാർ കണ്ടെത്തേണ്ടതും കലാമത്സരയിനങ്ങളിൽ ഉൾപ്പെടുത്തേണ്ടതും ആണ്.

കുട്ടികളുടെയും പുതിയ തലമുറയുടെയും മനസിൽ കലകളിലൂടെ പേരും പണവും പ്രശസ്തിയും നേടാം എന്ന സ്വാർത്ഥ താൽപര്യങ്ങൾ ഒഴിച്ച് നിർത്തി. ആസ്വാദനത്തിന്റെ ഇന്ദ്രപ്രസ്ഥത്തിലെത്തിക്കാൻ സാമൂഹിക മൂല്യങ്ങളിലൂടെ സമത്വം എന്ന ഭാവന വിടർത്താൻ, സഹാനുഭൂതി എന്ന സദ്ഭാവം വളർത്താൻ കലകളിലൂടെ, കലോത്സവങ്ങളിലൂടെ കഴിയട്ടെ എന്ന് പ്രത്യാശിക്കാം. ഓരോ തൃശൂർക്കാരന്റെയും മനസിൽ കലയുടെ കേളി കൊട്ട് ഉയരാൻ വെമ്പുകയാണ്. സാധിക്കുമെങ്കിൽ തൃക്കണ്ണ് തുറന്നിരിക്കുന്ന തൃശൂർ നഗരത്തിലേയ്ക്ക്, വടക്കുന്നാഥന്റെ മണ്ണിലേക്ക് എത്തിച്ചേരാൻ ശ്രമിക്കുക.

# അകത്താര്? പുറത്താര്?

**ധനം എൻ പി**
മലയാളം അധ്യാപിക
ഗവ: സർവോദയ എച്ച്. എസ് എസ്, തൃക്കൂർ

കലോത്സവങ്ങൾ എന്നും നിറപ്പകിട്ടിന്റെയാണ്. പത്രത്താളുകളിലും വർത്തമാനങ്ങളിലും അഴകും നിറവും ഏറിയ വാർത്തകൾക്കാണ് പ്രാധാന്യം.എന്നാൽ കലോത്സവങ്ങളിൽ പുറത്തുനിൽക്കുന്നവരുമുണ്ട്. ഒപ്പം അകത്തുമല്ല പുറത്തുമല്ല എന്നുമുള്ളവരുണ്ട്.

വിദ്യാർത്ഥിനി ആയിരിക്കെ ഞാൻ എന്നും കലോത്സവങ്ങൾക്ക് പുറത്തായിരുന്നു. സ്കൂൾതലത്തിൽ പോലും ഒന്നിലും ഉണ്ടായിരുന്നില്ല. കാഴ്ചക്കാരിയായി മാത്രം കടന്നുപോയ കൗമാരകാലം.

നൃത്തങ്ങളുടെ വശ്യതയും സംഗീതത്തിന്റെ മാസ്മരികതയും എന്നും എന്നെ ആകർഷിച്ചു.

പക്ഷേ ഒന്നിനും കഴിവില്ലാത്ത ഞാൻ എങ്ങനെയാണ് വേദിയിൽ എത്തുക?അതൊരു സ്വപ്നം മാത്രമായിരുന്നു..

അധ്യാപകർ തെരഞ്ഞെടുക്കുന്ന കുട്ടികളിൽ ഒരിക്കലും ഞാൻ ഉണ്ടാവാറില്ല.സ്കൂൾ മത്സരങ്ങളിലും ഞാൻ പോയിട്ടില്ല.

ഒരുതരത്തിൽ പറഞ്ഞാൽ ഞാൻ കലോത്സവങ്ങൾക്ക് അന്യയായിരുന്നു...അകലെയായിരുന്നു.

അങ്ങനെയുള്ള ഞാൻ അധ്യാപികയായി. പിന്നീടങ്ങോട്ട് കലോത്സവങ്ങൾ എൻറെയും കൂടിയായി. എഴുതുന്ന കുഞ്ഞുങ്ങളിൽ ഒരു ചെറുകിരണം കണ്ടാൽ ലോകം കീഴടക്കിയ പ്രതീതിയായി.നൃത്തത്തിലും സംഗീതത്തിലും ഞാനും അവരോടൊപ്പം പങ്കെടുത്തു.

പലപ്പോഴും ഉപജില്ലയ്ക്കപ്പുറം കടന്നു കയറുക സർക്കാർ സ്കൂളുകൾക്ക് പ്രയാസമുള്ള കാര്യമാണ്. പണച്ചെലവ്തന്നെയാണ് വിഷയം. എങ്കിലും ചിലപ്പോഴൊക്കെ ചില മിടുക്കർ ജില്ലയ്ക്കും സംസ്ഥാനത്തിനും ഒക്കെ എത്തും..

അങ്ങനെ ചിലരെയും ഞാൻ ഓർക്കുന്നു.

പാതിരാത്രിവരെ മേക്കപ്പ് ഇട്ട് അവർക്ക് കാവലിരുന്നു ..ഊണ് വാങ്ങിക്കൊടുക്കാൻ ,മറ്റാവശ്യങ്ങൾക്ക് കൂടെ നിന്നു..ഞാനും ഒപ്പം നൃത്തം ചെയ്യുന്നു എന്ന മട്ടിൽ തന്നെ.

അവരുടെ വേവലാതികൾ പങ്കിട്ടു. വിശപ്പ് മറന്നു. റിസൾട്ട് കണ്ട് സന്തോഷിച്ചു. ചിലപ്പോൾ വേദനിച്ചു.

എന്തൊക്കെയോ ചെയ്യാനുണ്ട് എന്ന മട്ടിൽ പലപാട് ഗോവണികൾ കയറിയിറങ്ങുകയും ഓടിനടക്കുകയും ചെയ്യും..ഇന്നും അങ്ങനെ തന്നെ ചെയ്യുന്നു...ആരുടെയൊക്കെയോ സ്വപ്നങ്ങൾക്ക് കൂട്ട് നിന്നു.ചിറക് നീർത്തി പറക്കാൻ പറഞ്ഞു..

അപ്പോൾ ഞാൻ ഓർക്കുന്നു അകത്താര്? പുറത്താര്? കാളിയും ദാസനും പറഞ്ഞപോലെ..

അകത്തായിരുന്നുവെങ്കിൽ ഞാൻ ഈ ആസ്വാദനം അറിയാതെ പോയേനെ ..

പുറത്തായ കാരണം ഓരോ വർഷവും എന്നിൽ ഉത്സവങ്ങൾ നിറയുകയാണ്. എന്നിൽ നിറഞ്ഞ കുഞ്ഞുങ്ങൾ എഴുതുകയും വരയ്ക്കുകയും പാടുകയും ആടുകയും ചെയ്യുന്നു കലോത്സവങ്ങളിലെ നിറമില്ലാത്ത കാഴ്ചകളിൽ പെടുന്നവർ ..

എങ്കിലും കലോത്സവം ഞങ്ങൾ അധ്യാപകരുടെയും ഉത്സവം ആണല്ലോ?

# തൃശൂരിന്റെ നാടക പാദമുദ്രകൾ

**ഡോ : ശശിധരൻ കളത്തിങ്കൽ**

കേരള സാഹിത്യ അക്കാദമി, കേരള സംഗീതനാടക അക്കാദമി, ലളിത കലാ അക്കാദമി, ജോസഫ് മുണ്ടശ്ശേരി സ്മാരകഹാൾ, കേരള പോലീസ് അക്കാദമി, അപ്പൻതമ്പുരാൻ സ്മാരക ലൈബ്ടറി പുരാവസ്തു മ്യൂസിയം തുടങ്ങി നിരവധി സാംസ്കാരിക കേന്ദ്രങ്ങളാൽ സമ്പന്നമാണ് തൃശൂർ. കേരള സ്കൂൾ കലോത്സവം 2026 ജനുവരി 1418 വരെയുള്ള 4 ദിനങ്ങളിലായി കേരളത്തിന്റെ സാംസ്കാരിക നഗരിയിൽ നടക്കുകയാണല്ലോ. കൗമാരതുടിപ്പാർന്ന കലാസാഹിത്യപ്രതിഭകളുടെ തീപ്പാറുന്ന സൗഹൃദ പോരാട്ടങ്ങൾ 25 വേദികളിലായി അരങ്ങേറുകയാണ്. 'ഉത്തരവാദിത്തത്തോടെ... സ്നേഹത്തോടെ' എന്ന സന്ദേശമാണ് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ വിളംബര സന്ദേശം !തൃശൂർ പൂരം, പുലിക്കളി എന്നതുപോലെ തന്നെ തൃശൂരിന്റെ കലാമേഖലകളിലെ മറ്റൊരു വികാരമാണ് നാടകം!

മനുഷ്യ ജീവിതത്തിലേയും സാമൂഹിക ജീവിതത്തിലേയും പൊരുത്തക്കേടുകൾ നീക്കി സമത്വസുന്ദരമായ ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് രാഷ്ട്രീയത്തോടൊപ്പം കലയും സാഹിത്യവും നിർവ്വഹിച്ചുപോന്നിട്ടുള്ളത്. പുതിയ വിചാരവിപ്ലവത്തിന്റെ മറ്റൊരു കലാരൂപമാണ് നാടകം. നാടകം വിദ്യാഭ്യാസമായി മാറുന്നത് അങ്ങനെയാണ്. ഈ പശ്ചാത്തലത്തിലാണ് പുരോഗമന നവോത്ഥാന നാടകപ്രസ്ഥാനം ഉടലെടുക്കുന്നത്. വിദ്വാൻ പി. കേളുനായർ, മഹാകവി കുട്ടമ്മത്ത് ,വി.ടി ഭട്ടത്തിരിപ്പാട്, എം.ആർ.ബി. പ്രേംജി, കെ. ദാമോദരൻ, ചെറുകാട്, തോപ്പിൽ ഭാസി, കെ.ടി. മുഹമ്മദ്, പി.ജെ. ആന്റണി എന്നിവരുടെ നേതൃത്വത്തിൽ സർഗ്ഗാത്മകരചനകൾ ഉരുത്തിരിഞ്ഞുവന്നു. പഴയ കേരളത്തെ മാറ്റിപ്പണിയുന്നതിൽ നാടകങ്ങൾ വഹിച്ച പങ്കിന് വലിയ വലുപ്പമുണ്ട്



തമിഴ്സംഗീത നാടകങ്ങളുടെ തനതു ലാവണത്തിൽ നിന്ന് മനുഷ്യബന്ധിതവും ജീവിതഗന്ധിയുമായ നവനാടകലോകം കെട്ടിപ്പടുക്കുന്നതിൽ പല മഹാന്മാരും നിസ്തുലമായ പങ്കു വഹിച്ചു. ചരിത്രത്തിന്റെ മണ്ണടരുകളിൽ ജ്വലിച്ചു നിൽക്കുന്ന അതികായനാണ് വി.ടി. ഭട്ടത്തിരിപ്പാട്. വെറുമൊരുതിയ്യാടി പെൺകുട്ടിയിൽ നിന്ന് ശിഷ്യത്വം സ്വീകരിച്ച വി.ടി. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം ആയുധമാക്കിയാണ് നമ്പൂതിരി സമുദായത്തിലെ നെറികേടുകളെ ചോദ്യം ചെയ്തത്. അന്തർജനങ്ങൾ ഈ നാടകത്തിലൂടെ സ്വന്തം കരുത്ത് തിരിച്ചറിഞ്ഞു. അവർ കരുത്താർജിച്ച് മുന്നേറ്റത്തിന് പടകൂട്ടി. നമ്പൂതിരി സമുദായത്തിൽ നിന്നും ഭ്രഷ്ടനാക്കിയിട്ടും തന്റെ കർമ്മപഥങ്ങളിലൂടെ വി.ടി മുന്നോട്ടു നീങ്ങി. എം. ആർ. ബി.യുടെ മറക്കുടക്കുള്ളിലെ മഹാനരകവും, പ്രേംജിയുടെ ഋതു മതിയും നമ്പൂതിരി സമുദായത്തിന്റെ അനാചാരങ്ങളെ മറനീക്കി കാണിച്ചു.

തൃശൂരിന്റെ നാടക പൈതൃകത്തിന് മേലുദ്ധരിച്ചവരെ സ്മരിക്കാതെ മുന്നോട്ടു പോകാനാവില്ല . അപ്പൻതമ്പുരാൻ ഇന്ദുലേഖ നാടകമാക്കാൻ ശ്രമിച്ചു പരാജയപ്പെട്ടതു ഫലം കണ്ടില്ല. കാലാന്തരത്തിൽ നാടകത്തിന്റെ കെട്ടും മട്ടും മാറി. രാഷ്ട്രീയനാടകങ്ങൾക്കപ്പുറം സാമൂഹിക നാടകങ്ങൾ കടന്നുവന്നു. സി.എൽ ജോസ്, ജോസ് പായമേൽ തുടങ്ങിയ നാടകക്കാർ തിളങ്ങി നിന്നു. 1974 ൽ തൃശൂർ അരണാട്ടുകരയിൽ സ്കൂൾ ഓഫ് ഡ്രാമ നിലവിൽ വന്നു. മഹത്തായ ഈ സ്ഥാപനത്തിന്റെ ആദ്യ ഡയറക്ടർ പ്രൊഫ: ജി ശങ്കരപ്പിള്ളയായിരുന്നു. അതുവഴി മഹാൻമാരായ ഒത്തിരി നാടക പ്രവർത്തകർ തൃശൂരിന്റെ സ്വന്തമായി. പ്രൊഫ: എസ്. രാമാനുജം , വേണുക്കുട്ടൻ നായർ വയലാവാ സുദേവൻ പിള്ള തുടങ്ങിയവർ. സ്കൂൾ ഓഫ് ഡ്രാമയിലെ ആദ്യ ബാച്ചിൽപ്പെട്ടവരായിരുന്നു ജോസ് ചിറമ്മൽ, ശ്യാം പ്രസാദ്, പി . ബാലചന്ദ്രൻ രഘൂത്തമൻ മുതൽ പേർ 'തൃശൂർ കാൽഡിയൻ ഹയർ സെക്കണ്ടറി സ്കൂളിലാണ് 2026 സംസ്ഥാന സ്കൂൾ കലോത്സവനാടക മത്സരവേദി'

തൃശൂരിലെ നാടക പ്രേമികൾ എങ്ങനെ പഴയ തലമുറയെ ഓർക്കാതിരിക്കും!

# കഥ കഥ കഥോത്സവം...!

**ബിലു സി.നാരായണൻ**

**ക**ലോത്സവത്തിന്റെ ആർപ്പും ആരവവും എത്തിനോക്കാത്ത ഇടങ്ങളാണ് എഴുത്തു മത്സരങ്ങളുടേത്. എന്നാൽ വാക്കുകളുടെ ലോകത്തിലേക്ക് സ്വപ്നങ്ങളുമായി എത്തുന്ന കൗമാര രചയിതാക്കൾക്കിടയിൽ അവർ പരസ്പരം മിന്നുംതാരങ്ങളാണ്. പുതുഭാവനയുടെ പുറത്തു കേൾക്കാത്ത വിളംബരഘോഷങ്ങൾ നിറഞ്ഞ

സെന്റ്തോമസ് കോളജിലെ സ്റ്റേജിതരവേദിയിൽ കഥാമത്സരത്തിനെത്തിയ കുട്ടികൾ എഴുത്തിനെക്കുറിച്ചും വായനയെക്കുറിച്ചുമുള്ള അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു...

'റാം കെയറോഫ് ആനന്ദി' പോലുള്ള പുതുകാലരചനകളുടെ നിലവാരത്തെപ്പറ്റി ചർച്ചകളും തർക്കങ്ങളും നടക്കുന്ന കാലമാണല്ലോ. സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുന്ന കുട്ടികളിൽ അവയെ ക്കുറിച്ചുള്ള കൃത്യമായ നിലപാടുകൾ പറഞ്ഞവരുണ്ട്.വായനയിൽ നിന്ന് ഏതാണ്ട് മുഴുവനായും അകന്നു കഴിഞ്ഞ ഒരു തലമുറയെ അതിലേക്ക് വീണ്ടും എത്തിക്കാൻ കഴിഞ്ഞു എന്നതിനപ്പുറത്ത് മറ്റൊരു പ്രസക്തി അവയ്ക്കില്ല എന്നാണു മലപ്പുറത്തുനിന്ന് വന്ന ദേവനന്ദ അഭിപ്രായപ്പെട്ടത്. വായനയുടെ ലോകം മുൻപേ പരിചയമുള്ള ഒരാളെ സംബന്ധിച്ച് അവ പുതുമയൊന്നും നൽകുന്നില്ല. സിനിമയോ സീരിയലോ കാണുന്ന അനുഭവം മാത്രം. സമപ്രായക്കാരായ കുട്ടികളുടെ രചനകൾ വായിക്കാൻ ഏറെയിഷ്ടമാണ്. എംടി, കെ.ആർ.മീര, റഫീഖ് അഹമ്മദ്, എന്നിവർ ഇഷ്ട എഴുത്തുകാർ. ഓൺലൈൻ വായനയല്ല നേരിട്ടുള്ള പുസ്തക വായന തന്നെയാണ് താൽപ്പര്യമെന്നും ദേവനന്ദ എടുത്തുപറഞ്ഞു.

ആലപ്പുഴയിൽ നിന്നുള്ള അഭിരാമിയും പുതിയ ട്രെൻഡിംഗ് വായനയിൽ താല്പര്യമില്ലാത്ത ആളാണ് .കെ ആർ മീരയുടെ ആരാച്ചാർ മൂന്നുതവണ വായിച്ചിട്ടുണ്ട്. ബെന്യാമിൻ മറ്റൊരു പ്രിയ എഴുത്തുകാരനാണ്, മുമ്പ് സംസ്ഥാന കലോത്സവത്തിൽ പലതവണ നൃത്ത മത്സരത്തിൽ പങ്കെടുത്ത അമ്മയുടെ പ്രോത്സാഹനമാണ് അഭിരാമിയുടെ കരുത്ത്.



കോട്ടയം പുഷ്പനാഥിന്റെ കുറ്റാന്വേഷണ കൃതികളോട് പ്രിയമുള്ള ഒരാളുണ്ട് മത്സരക്കാരിൽ.എറണാകുളം ജില്ലയിൽ നിന്നുള്ള ഫേബ.ജി.എസ്. ഫാന്റസി ,സസ്പെൻസ് രചനാരീതികളോടാണ് ഇഷ്ടം . 'പ്രതിലിപി' പോലെയുള്ള ഓൺലൈൻ നോവൽ പ്ലാറ്റ്ഫോമുകളിൽ നിന്നും വായിക്കാറുണ്ട്.

കലോത്സവത്തിലെ നാലാമങ്കക്കാരൻ ആണ് പാലക്കാട്ട് നിന്നുള്ള സായ് മാധവൻ. പതിറ്റാണ്ടുകളുടെ ഓവറോൾ കിരീട പാരമ്പര്യമുള്ള ആലത്തൂർ ബിഎസ്എസ് ഗുരുകുലം പബ്ലിക് സ്കൂളിന് അത് ആവർത്തിക്കാനുള്ള വിലപ്പെട്ട പോയിന്റുകൾ ഇത്തവണയും സമ്മാനിക്കാൻ കഴിയും എന്ന പ്രതീക്ഷയിലാണ് അവിടുത്തെ സ്കൂൾ ലീഡർ കൂടിയായ സായ്. കഴിഞ്ഞ മൂന്നുതവണയും സംസ്ഥാനതലത്തിൽ കഥാരചനക്ക് എ ഗ്രേഡ് നേടി. പഴയതും പുതിയതുമായ എഴുത്ത് ലോകങ്ങളെ ഒരുപോലെ ഇഷ്ടപ്പെടുന്നു. റാം കെയറോഫ് ആനന്ദി,ഏറ്റവും പ്രിയപ്പെട്ട എന്നോട് ഇങ്ങനെയുള്ള പുതുരചനകൾ മാത്രമല്ല ബഷീർ, എംടി, കെ ആർ മീര, ആർ രാജശ്രീ,എസ് സിതാര എന്നിങ്ങനെ മലയാളത്തിന്റെ വ്യത്യസ്തമായ കൈവഴികൾ പരിചിതമാണ്. മത്സരങ്ങൾ നൽകുന്ന വിഷയങ്ങളെ ധൈര്യത്തോടെ സമീപിക്കാൻ പുതിയ എഴുത്തുകൾ സഹായിക്കുന്നു എന്ന വ്യത്യസ്തമായ നിരീക്ഷണവും സായി പങ്കുവെച്ചു. പുതിയ ചിന്തകളും ജീവിത സമീപനങ്ങളും അവ നൽകുന്നുണ്ട്.

ആതിഥേയ ജില്ലയായ തൃശൂരിൽ നിന്ന് മത്സരിക്കുന്ന മുഹമ്മദ് ഷാബിത്ത് സംസ്ഥാനതലത്തിലേക്ക് ആദ്യമായാണ് എത്തുന്നത്. അഫ്ഗാൻ അമേരിക്കൻ നോവലിസ്റ്റ് കൈറ്റ് റണ്ണർ എന്ന നോവലിലൂടെ പ്രസിദ്ധനായ ഖാലിദ് ഹൊസൈനിയുടെ ആരാധകനാണ്. ഇംഗ്ലീഷിലാണ് വായനയെങ്കിലും മലയാളത്തിലാണ് എഴുത്ത്. ഗ്രാമീണ വിഷയങ്ങളാണ് വായിക്കാനും എഴുതാനും ഇഷ്ടം.

ജില്ലാതല മത്സരങ്ങളിൽ കിട്ടിയ വിഷയങ്ങളെക്കുറിച്ചും രസകരമായ നിരീക്ഷണങ്ങൾ കുട്ടികൾ നടത്തി. 'സമൂഹമാധ്യമങ്ങൾ ഒരു പെൺകുട്ടിയുടെ ജീവിതത്തിൽ വരുത്തിവയ്ക്കുന്ന വിന' എന്ന് കഥക്ക് കിട്ടിയ വിഷയം ഉപന്യാസം പോലെയായിരുന്നു എന്നാണ് അഭിരാമിയുടെ അഭിപ്രായം.

ഏതു രീതിയിലും സമീപിക്കാവുന്ന, ഭാവനയ്ക്ക് അനേകം സാധ്യതകൾ നൽകുന്ന വിഷയങ്ങളെയാണ് മത്സരം എന്ന നിലയിൽ കുട്ടികൾ ഇഷ്ടപ്പെടുന്നത്. 'അയാൾ പറഞ്ഞത് അതായിരുന്നു', 'ആ രാത്രി മഴ പെയ്യുന്നുണ്ടായിരുന്നു' എന്നിവ ഇത്തവണ രണ്ട് ജില്ലകളിൽ ഇങ്ങനെ വന്ന വിഷയങ്ങളാണ്.

'അല്ലെങ്കിലും മരിക്കുന്നതിനു മുൻപേ നാം പലതവണകളായി മരിച്ചിട്ടുണ്ട്', 'അനന്തമായ കാത്തിരിപ്പിന്റെ മറ്റൊരു പേരാണ് ജീവിതം' ഇങ്ങനെ പോകുന്നു മറ്റു മത്സര വിഷയങ്ങൾ...

# സംസ്കാര നിർമ്മിതിയുടെ വിത്തു വിതയ്ക്കൽ

**ബക്കർ മേത്തല**

**പീ**ലി വിടർത്തിയാടുന്ന സർഗാത്മകതയുടെ വർണ്ണാഭയിൽ സഹൃദയമനങ്ങൾ കുളിരുകോരുന്ന ദിനരാത്രങ്ങൾ ഇതാ, നമ്മുടെ സാംസ്കാരിക നഗരിയുടെ ഹൃദയം കവരുകയായി....... കേരളത്തിലെമ്പാടുമുള്ള കൗമാരപ്രതിഭകൾ കലാസാഹിത്യ സംഗീതാദികളുടെ മാറ്റുരക്കാൻ എത്തുന്ന പൂരപ്പെരുമയുടെ നാട്ടിൽ, വൈവിധ്യമാർന്ന കലകളുടെ മഹാപൂരം നടക്കുമ്പോൾ അതിൽ പങ്കെടുക്കാൻ എത്തുന്ന മുഴുവൻ കുട്ടികളെയും അഭിമാനത്തോടെയും ആഹ്ലാദത്തോടെയും ഞാൻ അഭിവാദ്യം ചെയ്യുകയാണ്.

ഇവരിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത് കേരളത്തിന്റെ സംസ്കാരനിർമ്മിതിയുടെ വർഷാവർഷമുള്ള വിത്തുവിതയ്ക്കലാണ്. അവ മുളക്കും, വളരും, വലുതാകും. പൂക്കുകയും കായ്ക്കുകയും തണൽ വിരിക്കുകയുംചെയ്യും.സ്നേഹകാരുണ്യത്തിന്റെ മനോഭാവങ്ങൾ ഈ പ്രതിഭകളുടെ കരളുകളിൽ നിന്ന് ഉറവയെടുത്ത് അവ പുഴകളായി ഒഴുകും. അതെ, ആ പുഴകൾ നമ്മുടെ സമൂഹത്തെ ശാദ്വലമാക്കുക തന്നെ ചെയ്യും.

# കലോത്സവം ഉത്തരവാദിത്തത്തോടെ സ്നേഹത്തോടെ

**ആർ എസ് ഷിബു**
പൊതുവിദ്യാഭ്യാസ
അഡീഷണൽ ഡയറക്ടർ &
ജനറൽ കൺവീനർ

**കേ**രള സ്കൂൾ കലോത്സവങ്ങൾ എന്നും പൊതു സമൂഹത്തിന്റെയാകെ ആവേശവും പ്രതീക്ഷയുമാണ്. ഓരോ വർഷവും മലയാളികൾ നെഞ്ചേറ്റുന്ന പൊതു ഉത്സവമായി കലോത്സവങ്ങൾ മാറിയിട്ടുണ്ട്. ജാതി മത വർണ്ണ വർഗ്ഗ ദേശ



വ്യത്യാസമില്ലാതെ എല്ലാവരും ഒരേ മനസ്സോടെ കലോത്സത്തിനെത്തുകയും കലാ വേദികളിലെ പ്രകടനങ്ങൾ മനസ്സിൽ ചേർത്തു വയ്ക്കുകയും ചെയ്യുന്നു. ഇത് കേരളത്തിന് മാത്രം സാധിക്കുന്നതാണ് എന്ന് നിസ്സംശയം പറയാം. ഇത്തവണ കലോത്സവം തൃശൂരിലെത്തുമ്പോൾ ഉത്തരവാദിത്തോടെയും സ്നേഹത്തോടെയുമുള്ള മികച്ച കലോത്സവം ഒരുക്കാനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ശ്രമിക്കുന്നത്. അതിനാവശ്യമായ മുന്നൊരുക്കങ്ങൾ വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ കലോത്സവം മുഴുവൻ മത്സരാർത്ഥികൾക്കും മനസ്സിൽ സ്നേഹം നിറയുന്ന കലോത്സവമായി തീരട്ടെ എന്ന് ആശംസിക്കുന്നു.



മ്മ്ടെ...
കലോത്സവാ...ട്ടാ...
പൊളിക്കണം... ട്ടാ...

# കലോത്സവം – ജ്ഞാനത്തിന്റെയും സർഗ്ഗാത്മകതയുടെയും പരീക്ഷണശാല



**മുരളി ചീരോത്ത്**
ചെയർമാൻ
കേരള ലളിതകലാ അക്കാദമി

**ഈ** സംസ്ഥാന സ്കൂൾ കലോത്സവത്തെ വെറും മത്സരങ്ങളുടെ വേദി എന്നതിനപ്പുറം ജ്ഞാനത്തിന്റെയും സർഗ്ഗാത്മകതയുടെയും ജീവസ്സുറ്റ ഒരു പരീക്ഷണശാലയെന്ന് വിശേഷിപ്പിക്കാനാണ് എനിക്കിഷ്ടം.

കേവലമായ പ്രതിഭാ പ്രകടനത്തെക്കാൾ പങ്കാളിത്തത്തിലൂടെയും അനുഭവത്തിലൂടെയും വിദ്യാർത്ഥികൾ ഒരുപാട് കാര്യങ്ങൾ പഠിക്കുന്ന ഒരു ഇടമാണിത്. തീർച്ചയായും ഇതിൽ മത്സരങ്ങളുണ്ട്, പ്രകടനങ്ങളും സമ്മാനങ്ങളും എല്ലാം നിറഞ്ഞ ഒരു ആഘോഷപരിപാടി തന്നെയാണിത്, എന്നാൽ കുട്ടികളുടെ സമഗ്രമായ വികസനത്തിന് അത് നൽകുന്ന അർത്ഥവത്തായ സംഭാവനകൾ അതിലും പ്രധാനമാണ്. ഒരു ക്ലാസ്സ്മുറിയിൽ നിന്നും ലഭിക്കാത്ത അനുഭവമാണത് നൽകുന്നത്. സർഗ്ഗാത്മകത, ഉത്തരവാദിത്തം, സഹകരണം എന്നിവയെല്ലാം ചേർന്ന വളരെ സജീവമായ മറ്റൊരു പഠനാന്തരീക്ഷമാണ് യുവജനോത്സവങ്ങളും കലോത്സവങ്ങളും പ്രദാനം ചെയ്യുന്നത്.

പഠനമെന്നത് പാഠപുസ്തകങ്ങൾക്കും പരീക്ഷകൾക്കുമപ്പുറമാണെന്ന് കലോത്സവങ്ങൾ നമ്മളോട് ആവർത്തിച്ച് പറയുന്നു. സമയത്തിന്റെ വിനിമയം, വിവിധ സാമൂഹിക സാംസ്കാരിക അന്തരീക്ഷത്തിൽ നിന്നുമുള്ള സമപ്രായക്കാരുമായുള്ള ഏകോപനം ഇതിലൂടെയെല്ലാം ജീവിതത്തിലെ മറ്റുപല സാഹചര്യങ്ങളും കൈകാര്യം ചെയ്യാൻ വിദ്യാർത്ഥികൾ പഠിക്കുന്നു. മാത്രമല്ല, ഈ പ്രക്രിയ സ്വാതന്ത്ര്യം, ജിജ്ഞാസ, അവനവനെക്കുറിച്ചുള്ള അവബോധം എന്നിവ അവരിൽ വളർത്തുകയും ചെയ്യുന്നു.

കലോത്സവം എന്നത് ക്ലാസ്സ്മുറിക്കപ്പുറം ഉള്ള ഒരു പഠനപ്രക്രിയയാണ് എന്ന് ഞാൻ പറയാൻ കാരണം അതവരുടെ സാമൂഹികമായ വിനിമയത്തിന് കരുത്ത് പകരുകയും കലാപരവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നു എന്നതുകൊണ്ട് കൂടിയാണ്. സംഗീതം, നൃത്തം, നാടകം, ദൃശ്യകലകൾ, സാഹിത്യം, കലാവിഷ്കാരം എന്നിവയ്ക്കുള്ള വേദികൾ നൽകുന്ന കലോത്സവങ്ങൾ മത്സരത്തിൽ പങ്കെടുക്കാത്തവർക്ക് പോലും ഇത് കലാപരമായ ഒരു അനുഭവമാണ്.

അതോടൊപ്പംതന്നെ, ഇതിൽ പങ്കെടുക്കുന്ന കുട്ടികൾ പരിശീലനത്തിലൂടെയും അവതരണത്തിലൂടെയും, അവരുടെ സൃഷ്ടിപരമായ കഴിവുകളിൽ കൂടുതൽ ശ്രദ്ധയും, ആത്മവിശ്വാസവും വികസിപ്പിക്കുന്നു എന്ന് മാത്രമല്ല, വിവിധ മേഖലകളിൽ നിന്നുള്ള അഭിപ്രായങ്ങൾ അവരെ തങ്ങളുടെ കഴിവുകൾ മെച്ചപ്പെടുത്താനും സുസ്ഥിരമായ പരിശ്രമത്തിന്റെയും പ്രതിബദ്ധതയുടെയും മൂല്യം മനസ്സിലാക്കാനും സഹായിക്കുന്നു.

മത്സരത്തിനപ്പുറം കൂട്ടായ്മയുടെ സൗന്ദര്യമാണ് ഇത്തരം ഉത്സവങ്ങളുടെ ചാരുത. ഇത് കലാകാരരുടെ മാത്രം വേദിയല്ല, സംഘാടനവും ഏകോപനവും സന്നദ്ധപ്രവർത്തനവും എല്ലാം ഇതിന്റെ ഭാഗമാണ്. ഇത് മനുഷ്യരെ പരസ്പരം സ്നേഹിക്കാനും ആദരിക്കാനും പഠിപ്പിക്കുന്നു.

സാംസ്കാരിക വൈവിധ്യങ്ങളുമായുള്ള വിനിമയമാണ് ഇതിന്റെ മറ്റൊരു സവിശേഷത. വ്യത്യസ്ത പ്രദേശങ്ങളിൽ നിന്നും രീതികളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ ഒത്തുചേരുമ്പോൾ, അവർ ഒരുപാട് പുതിയ കാര്യങ്ങൾ പഠിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്നു. അത് അവരിൽ പരസ്പര ബഹുമാനം വളർത്തുകയും സാമൂഹിക അവബോധം ശക്തിപ്പെടുത്തുകയും അവരിൽ തുറന്ന മനസ്സും സഹാനുഭൂതിയും നിറയ്ക്കുകയും ചെയ്യുന്നു.

ഓരോ കലോത്സവവും കലയുടെ മാത്രം ആഘോഷമല്ല, മാനവികതയുടെകൂടി ഉത്സവമാണ്. അത് സമൂഹത്തെ കൂടുതൽ ആർദ്രമാക്കുന്നു. നമ്മളെല്ലാം ഒന്നാണെന്ന ബോധം വളർത്തുന്നു.

# കലോത്സവങ്ങളെ നെഞ്ചേറ്റിയ ഒരാൾ

**ബിന്നറ്റ് സി.ജെ.**

**വ**ർഷം 1996 സംസ്ഥാന കലോത്സവം കോട്ടയത്ത് അരങ്ങ് തകർക്കുകയാണ്. അന്ത്യദിന മൽസരത്തിന്റെ വാശിയും, സമ്മർദ്ദവും ഓരോ നിമിഷാർദ്ധങ്ങളിലും നിറച്ചു കൊണ്ട് മൽസരാർത്ഥികൾ കളം നിറഞ്ഞാടുകയാണ്. ജില്ലാ ടീമുകൾ തമ്മിൽ ഇഞ്ചോടിഞ്ചു മൽസരം കൊഴുക്കുകയാണ്. അവസാനം ദേശീയ ഗാനമൽസരമാണ്. ആ മത്സരത്തിന്റെ 5 പോയിന്റ് നേടിയാൽ തൃശൂർ ജില്ലാ ടീം ഓവറോൾ കിരീടം നേടിയെടുക്കുമെന്ന നില വന്നു. തൃശൂരിനെ നയിക്കുന്ന അധ്യാപകർ വല്ലാത്ത സമ്മർദ്ദത്തിലായി. മുൻകൂട്ടി സെലക്ഷൻ നേടി വരുന്ന ഒരു സ്ക്കൂൾ ടീം പങ്കെടുക്കുകയെന്നതായിരുന്നില്ല മൽസരത്തിന്റെ രീതി. സംസ്ഥാനതല മൽസരത്തിൽ പങ്കെടുക്കാനെത്തുന്ന ജില്ലാ ടീം അംഗങ്ങളിൽ നിന്ന് ഒരു ടീമിനെ പ്രസ്തുത മത്സരത്തിലേയ്ക്ക് കണ്ടെത്തുകയായിരുന്നു പതിവ്. വന്നിട്ടുള്ള കുട്ടികളിൽ ഏതെങ്കിലും മറ്റ് മൽസരങ്ങൾക്ക് ഉപയോഗിക്കുന്ന യൂണിഫോം ഉപയോഗിക്കുകയോ, അല്ലെങ്കിൽ ജില്ലാ ടീമിനെ നയിക്കുന്നവർ പ്രത്യേക യൂണിഫോം ഇതിനായി കരുതുകയോ വേണം. തൃശൂർ ജില്ലയുടെ ചുമതലക്കാർ ഇതിനായി പ്രത്യേക യൂണിഫോം കരുതിയിരുന്നില്ല. യൂണിഫോം ധരിച്ചുള്ള മൽസര ഇനങ്ങളിൽ പങ്കെടുത്തവരെല്ലാം തിരിച്ചു പോകുകയും ചെയ്തു. ജില്ലാ ടീം നേതൃത്വം ത്രിശങ്കുവിലായെന്ന് പറഞ്ഞാൽ മതിയല്ലോ. ക്രൈസിസ് മാനേജേർഴ്സിന്റെ ആവനാഴിയിലെ അമ്പുകൾ എല്ലാം തീർന്നപ്പോഴാണ് ദേശീയ അവാർഡ് നേടിയ എം കെ പശുപതി മാസ്റ്റർ രംഗപ്രവേശം ചെയ്യുന്നത്. കോട്ടയം നഗരത്തിലെ ഒരു അലക്കുകാരനെ സമീപിച്ച് ഉണങ്ങാൻ ഇട്ട വസ്ത്രങ്ങളിൽ നിന്ന് പകുതി ഉണങ്ങിയ യൂണിഫോം തിരിച്ചു കൊടുക്കാം എന്ന ഉറപ്പിൽ തരപ്പെടുത്തി വിദ്യാർത്ഥികളെ അരങ്ങിലെത്തിക്കുകയായിരുന്നു. തീർത്തും അപരിചിതമായ ഒരു സ്ഥലത്ത് ചെന്ന് സ്വന്തം മനഃസ്സാന്നിധ്യം ഒന്നുകൊണ്ട് മാത്രം ആ വർഷത്തെ സ്വർണ്ണക്കപ്പ് തൃശൂരിന് ഉറപ്പിക്കുകയായിരുന്നു എം കെ പശുപതി മാസ്റ്റർ. അദ്ദേഹം ബിന്നറ്റ് സി ജെയുമായി നടത്തിയ സംഭാഷണത്തിന്റെ പ്രസക്തഭാഗങ്ങൾ.

ചോദ്യം : സുദീർഘകാലം ചിത്രകലാ അധ്യാപകനും കലോത്സവങ്ങളുടെ അമരക്കാരനുമായും പ്രവർത്തിക്കാൻ കഴിഞ്ഞ ഒരാൾ എന്ന നിലയിൽ മുൻ സംസ്ഥാന കലോത്സവങ്ങളിൽ മാഷിന്റെ ഭാഗഭാഗിത്വം എങ്ങനെയായിരുന്നു ?

ഉത്തരം : തൃശൂരിൽ 1986–ൽ നടന്ന സംസ്ഥാന കലോത്സവത്തിൽ പ്രോഗ്രാം കമ്മിറ്റിയുടെ ജോയിന്റ് കൺവീനറായി പ്രവർത്തിച്ചിട്ടുണ്ട്. ജില്ലാ ടീമിൽ നേതൃത്വപരമായ നിരവധി ഇടപെടലുകൾ നടത്താൻ അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. പലപ്പോഴും സംസ്ഥാന കലോത്സവങ്ങളിൽ സ്കോർ ബോർഡ് തയ്യാറാക്കുന്ന ജോലി എന്നെയാണ് ഏൽപ്പിച്ചിരുന്നത്. തികഞ്ഞ സൂക്ഷ്മതയോടെ പ്രസ്തുത ജോലി ചെയ്യാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. കലോത്സവ മാന്വൽപരിഷ്ക്കരണ കമ്മിറ്റി അംഗമായും ഞാൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ചോദ്യം : കഴിഞ്ഞ സംസ്ഥാന കലോത്സവത്തിൽ ഏതാനും പുതിയ ഇനങ്ങൾ മൽസരങ്ങളുടെ പട്ടികയിൽ സ്ഥാനം പിടിക്കുകയുണ്ടായല്ലോ. ഈ മാറ്റത്തെ എങ്ങനെ വിലയിരുത്തുന്നു.



ഉത്തരം : നാശോന്മുഖമായിരുന്ന പല കലാരൂപങ്ങളേയും നിലനിർത്തുന്നതിൽ സംസ്ഥാന കലോത്സവം വഹിച്ച പങ്ക് അദ്വതീയമാണ്. ആ നിലയ്ക്ക് ഇത് അങ്ങേയറ്റം ഗുണപരമായ മാറ്റമായി ഞാൻ വിലയിരുത്തുന്നു. അരിക് ജീവിതങ്ങളുടെ കലാ ഇനങ്ങൾ നിലനിൽക്കണമെങ്കിൽ സംസ്ഥാന കലോത്സവത്തിൽ അതിന് പ്രാതിനിധ്യമുണ്ടാകണം.

ചോദ്യം : ഏതാനും പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഏതൊരു മൽസരത്തിലും ചില അനഭലഷണീയമായ പ്രവണതകൾ ഉടലെടുക്കുമല്ലോ. ആ നിലയ്ക്ക് പ്രതിലോമകരമെന്ന് നിസ്സംശയം പറയാവുന്ന, ഒഴിവാക്കപ്പെടേണ്ട പ്രവണതകൾ ഏതൊക്കെയാണ് ?

ഉത്തരം : പരിശീലകർ തമ്മിലുള്ള മൽസരമായി പലപ്പോഴും കലോത്സവങ്ങൾ മാറുന്ന പ്രവണതയുണ്ട്. തങ്ങൾ പരിശീലിപ്പിക്കുന്ന വിദ്യാർത്ഥികൾക്ക് അംഗീകാരം കിട്ടേണ്ടത് അനിവാര്യതയായി കണ്ട് കലാരംഗത്തെ നൈതികതയെ തന്നെ ഇല്ലാതാക്കുന്ന ദുഷിച്ച പ്രവണത ഒഴിവാക്കേണ്ടപ്പെടേണ്ടതാണ്.

ചോദ്യം : എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾ ആണ് സംസ്ഥാന കലോത്സവം കൊണ്ട് സമൂഹത്തിൽ ഉണ്ടായിട്ടുള്ളത് ?

ഉത്തരം : ക്ലാസ്സിക്കൽ കലകൾ ഉൾപ്പെടെ എല്ലാ കലായിനങ്ങൾക്കും വലിയ സ്വീകാര്യത സമൂഹത്തിൽ ഉണ്ടാവുകയും ബന്ധപ്പെട്ട, കലാകാരൻമാർക്ക് സാമ്പത്തിക ഭദ്രത ഉണ്ടാവുന്നതിലേക്ക് ഈ സാഹചര്യം നയിക്കപ്പെടുകയുണ്ടായി.

ചോദ്യം : വിവരസാങ്കേതികവിദ്യ വലിയൊരു കുതിച്ചുചാട്ടം തന്നെ നടത്തിയ കാലമാണല്ലോ ഇത്. കലോത്സവ നടത്തിപ്പിലും അതിന്റെ അനുരണനങ്ങൾ പ്രകടമാണ്. നിങ്ങൾ കലോത്സവങ്ങൾ സംഘടിപ്പിച്ച കാലത്ത് വിവര സാങ്കേതിക വിദ്യയുടെ വലിയ തോതിലുള്ള പിൻബലം ഉണ്ടാകാനിടയില്ലല്ലോ? അക്കാലത്തെ കലോത്സവ നടത്തിപ്പിന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കാമോ ?

ഉത്തരം : അന്ന് മത്സര നടത്തിപ്പ് അങ്ങേയറ്റം ക്ലേശകരമായിരുന്നു. വിധികർത്താക്കളെ നേരിൽ കണ്ട് മൽസരത്തിന് ക്ഷണിക്കേണ്ട സാഹചര്യമായിരുന്നു. വിദൂരസ്ഥങ്ങളായ സ്ഥലങ്ങളിലേക്ക് ഒറ്റയ്ക്കും കൂട്ടായും ഇക്കൂട്ടരെ അന്വേഷിച്ച് പോവേണ്ട സ്ഥിതിയുണ്ടായിരുന്നു. മത്സരക്രമം തയ്യാറാക്കുകയെന്നത് വലിയ തോതിൽ സമയം അപഹരിച്ചിരുന്നതും, മനുഷ്യാദ്ധ്വാനം വേണ്ടതുമായ മേഖലയായിരുന്നു. വിവിധ മത്സര ഇനങ്ങൾ സമയബന്ധിതമായി ചിട്ടപ്പെടുത്തുകയെന്നത് ശ്രമകരമായ ജോലിയായിരുന്നു. മത്സരാർത്ഥികൾക്കും, അകമ്പടി സേവിക്കുന്ന അധ്യാപകർക്കും സസൂക്ഷ്മം വിലയിരുത്താൻ ഉപയോഗിക്കുന്ന സ്കോർ ബോർഡ് തയ്യാറാക്കുകയെന്നതും ഏറെ സമയമെടുത്ത് ചെയ്യേണ്ട ജോലിയായിരുന്നു.

ചോദ്യം : മാഷ് ഒരു ചിത്രകലാ അധ്യാപകനായിരുന്നു വല്ലോ. കലോത്സവങ്ങളിൽ ചിത്രകലയുടെ വിവിധ മേഖലകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ ഓരോ മേഖലയിലും അവർക്ക് ലഭിക്കുന്ന വിഷയവുമായി എത്രത്തോളം താദാത്മ്യം പ്രാപിക്കുന്നു ?

ഉത്തരം : ചില വിദ്യാർത്ഥികളിൽ കലാപരമായ മേന്മ പ്രകടമാണെങ്കിലും, വിഷയത്തിന്റെ സൂക്ഷ്മതലത്തിലേയ്ക്ക് എത്തിയിട്ടുണ്ടാകില്ല. മറിച്ച് ചില വിദ്യാർത്ഥികൾ ആശയം പൂർണ്ണമായ അർത്ഥത്തിൽ ഉൾക്കൊണ്ടിട്ടുണ്ടെങ്കിലും ചിത്രകലയുടെ സഹായത്തോടെ പ്രകടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടാകില്ല. കലാപരമായ മേന്മ പുലർത്തുന്ന വിദ്യാർത്ഥികളിൽ വായനാശീലം ഉണ്ടെങ്കിലേ അവർക്ക് വർത്തമാനകാലത്തെ ചിത്രകലയുടെ സഹായത്തോടെ സൂക്ഷ്മമായി പ്രകടിപ്പിക്കാൻ കഴിയൂ.

ചോദ്യം : വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനത്തിൽ ചിത്രകലയ്ക്ക് എന്താണ് പങ്ക് ?

ഉത്തരം : കലയുടെ തീപ്പൊരി മനസ്സിൽ ഒളിഞ്ഞിരിപ്പുണ്ടെങ്കിൽ ജീവിതത്തിൽ പ്രശോഭിക്കാൻ കഴിയും. മാത്രവുമല്ല വ്യക്തികളുമായി നല്ല രീതിയിൽ ആശയസംവേദനത്തിന് ചിത്രകല സഹായിക്കുന്നു. കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് മറ്റുള്ളവരുടെ വികാരങ്ങൾ ഉൾക്കൊള്ളാനുള്ള കഴിവുണ്ടാകും. നന്മയുടെ പക്ഷം ചേരാനുള്ള അദമ്യമായ ആഗ്രഹമാണ് കലയുടെ കാതൽ എന്ന് പറയാം.

# തീംസോങ്ങുമായി പൊറ്റശ്ശേരി സ്കൂൾ ടീം

*മലയാളത്തിൻ കള ശിഞ്ജിതമേളം*
*കലയുടെ മേളം വരവായ്*
*ആടാം പാടാം തിരി തെളിയിക്കാം*
*അറുപത്തി നാലാം തിരി തെളിയിക്കാം....*



സംസ്ഥാന കലോത്സവത്തിന്റെ ഈ പ്രമേയ ഗാനത്തിന് വരിയും സ്വരവും സംഗീതവുമായത് ഏതാനും കൗമാര മനസ്സുകളാണ് പാലക്കാട് ജില്ലയിലെ പൊറ്റശ്ശേരി ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ.

പൊതുവിദ്യാഭ്യാസ വകുപ്പ് സംസ്ഥാന തലത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തിയ മത്സരത്തിൽ നിന്നാണ് പൊറ്റശ്ശേരി സ്കൂളിലെ വിദ്യാർത്ഥികളുടെ പാട്ട് പ്രമേയ ഗാനമായി തെരഞ്ഞെടുത്തത്. രചനയും, സംഗീതവും ആലാപനവും നടത്തിയത് കുട്ടികൾ തന്നെയാണ്.

സംസ്ഥാന കായിക മേളയ്ക്ക് തീം സോങ് രചിച്ച പ്ലസ് ടു വിദ്യാർത്ഥിയും പൊറ്റശ്ശേരി സ്കൂൾ പാർലമെന്റ് ചെയർമാനുമായ വി. പ്രഫുൽ ദാസാണ് കലോത്സവത്തിനായും പ്രമേയ ഗാനം എഴുതിയത്. ഹൃദ്യ കൃഷ്ണ, അക്ഷയ് വി.കെ എന്നിവരാണ് വരികൾക്ക് ഈണം പകർന്നത്. മുഹമ്മദ് ഫായിസ് പി.കെ, ഹൃദ്യ കൃഷ്ണ, സൂരജ് ചന്ദ്രൻ എ , ആബേൽ ബിനോയ്, ജോയൽ മൈക്കിൾ, ലക്ഷ്മിക കെ, ഗാഥ കൃഷ്ണ കെ, വിഷ്ണുദത്ത് സി.പി എന്നിവരാണ് ആമുഖഗാനം പാടിയത്.

മേളയുടെ ഔപചാരിക തലങ്ങളിലും വിദ്യാർത്ഥികൾ സർഗ്ഗാത്മകപങ്കാളികളാവുകയാണ് പൊതു വിദ്യാഭ്യാസവകുപ്പിന്റെ ഈ പ്രമേയഗാനമത്സരത്തിലൂടെ.


**വിൽവട്ടം സർവ്വീസ് സഹകരണ ബാങ്ക്**
ക്ലിപ്തം നം. 337
പി.ഒ. കുറിച്ചിക്കര, തൃശ്ശൂർ, പിൻ – 680028
email: vilvattamscb337@gmail.com
ഹെഡ് ഓഫീസ്, കുറിച്ചിക്കര. ഫോൺ : 0487 2695623

ബ്രാഞ്ചുകൾ : മെയിൻ. ഫോൺ : 2694717 | ചേറൂർ. ഫോൺ : 2332126 | കുറ്റുമുക്ക്. ഫോൺ : 2320111
പുത്തൻവെട്ടുവഴി. ഫോൺ : 2321632 | താണിക്കുടം. ഫോൺ : 2695523

**ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്**

നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വവും ഉയർന്ന പലിശനിരക്കും
എല്ലാ ബ്രാഞ്ചുകളിലും ലോക്കർ സൗകര്യം
വിവിധതരം പ്രതിമാസ നിക്ഷേപ പദ്ധതികൾ
വിവിധതരം വായ്പാ പദ്ധതികൾ : വ്യക്തിഗത വായ്പ 10 ലക്ഷം രൂപ വരെ വസ്തു ഈടിൻമേൽ
മെമ്പർ ഓവർ ഡ്രാഫ്റ്റ് | ഭവന നിർമ്മാണ വായ്പ | കാർഷിക വായ്പ | സാധാരണ വായ്പ ആൾജാമ്യത്തിൽ
വാഹന വായ്പ | ഗൃഹോപകരണ വായ്പ | കുടുംബ ശ്രീ/SHG വായ്പ | സ്വർണ്ണപണയ വായ്പ
വായ്പ മുടക്കമില്ലാതെ അടയ്ക്കുന്നവർക്ക് അടയ്ക്കുന്ന പലിശയുടെ 10% റിബേറ്റ്

**അധിക സേവനങ്ങൾ**

കോർ ബാങ്കിംഗ് സൗകര്യം | SMS അലർട്ട് സൗകര്യം | RTGS/NEFT
കളക്ഷൻ ഏജന്റ്സ് സൗകര്യം | ATM | വളം ഡെപ്പോ
ചേറൂർ & താണിക്കുടം നീതി മെഡിക്കൽ സ്റ്റോറുകൾ | പച്ചക്കറി സ്റ്റോർ
ആംബുലൻസ് & മൊബൈൽ ഫ്രീസർ സൗകര്യം

**പ്രകാശ്.പി.**
(പ്രസിഡന്റ്, 9446146943)

**മരിയ വിത്സൻ പോൾ**
(സെക്രട്ടറി, 8943697049)

൬൧ വർഷം ജനങ്ങൾക്കൊപ്പം നാടിന്റെ വളർച്ചക്ക്......



